Annual Sub. ₹ 150
2011 ഡിസംബർ 19 തിങ്കൾ
Vol. XXXIV No.51
RN. 29559/78
പേജ് 12

# ഗുഡ്ന്യൂസ്

Estd: 1978
34th YEAR
1742

മലയാളത്തിലെ പ്രഥമ പെന്തെക്കോസ്തു വാർത്താ വാരിക — The First Pentecostal News Weekly in Malayalam

# ഇന്ത്യാ ദൈവസഭാ കൺവൻഷൻ ജനുവരി 16–22 വരെ

**പാസ്റ്റർ ജെ. ജോസഫ്**
**(മീഡിയാ ഡയറക്ടർ)**

**മുളക്കുഴ:** ഇന്ത്യാ ദൈവസഭ 89–ാമതു ജനറൽ കൺവൻഷൻ ജനുവരി 16–22 വരെ തിരുവല്ല ചർച്ച് ഓഫ് ഗോഡ് സ്റ്റേഡിയത്തിൽ നടക്കും. ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി ഉദ്ഘാടനം ചെയ്യും. ചർച്ച് ഓഫ് ഗോഡ് ഇന്റർനാഷണൽ ഫസ്റ്റ് അസിസ്റ്റന്റ് ജനറൽ ഓവർസിയർ റവ. ടിം ഹിൽ, ഏഷ്യാ പെസഫിക്ക് ഫീൽഡ് ഡയറക്ടർ റവ. കെൻ ആൻഡേഴ്സൻ, റീജണൽ സൂപ്രണ്ട് റവ. ഡെന്നീസ് ഹെപ്നർ എന്നിവരാണു പ്രധാന പ്രസംഗകർ. യു. എ. ഇ. നാഷണൽ ഓവർസിയർ പാസ്റ്റർ കെ. ഒ. മാത്യു, പാസ്റ്റർമാരായ കുര്യൻ ജോർജ്, ജോൺ തോമസ്, ജോസഫ് സാമുവേൽ തുടങ്ങിയ വിദേശ മലയാളി പ്രസംഗകരും പാസ്റ്റർമാരായ കെ. സി. ജോൺ, പി. ആർ. ബേബി, പി. സി. ചെറിയാൻ, സുവി. പി. ഐ. ഏബ്രഹാം തുടങ്ങിയവരും പ്രസംഗിക്കും. ഞായറാഴ്ച സഭായോഗത്തോടെ സമാപിക്കും.

"എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും" എന്നതാണു ഈ വർഷത്തെ ചിന്താവിഷയം. കൺവൻഷന്റെ അനുഗ്രഹത്തിനായി ജനുവരി 11–15 വരെ കൺവൻഷൻ സ്റ്റേഡിയത്തിൽ ഉപവാസപ്രാർഥന നടക്കും. സ്റ്റേറ്റ് ഓവർസിയർ ജനറൽ കൺവീനറായി പി. ജി. മാത്യൂസ്, എം. ഒ. ഏലിയാസ്(ജോ. കൺവീനേഴ്സ്), പി. ജെ. ജെയിംസ്, ജെ. ജോസഫ്, പി. സി. ചെറിയാൻ, ഈപ്പൻ ചെറിയാൻ, വി. ജെ. കുഞ്ഞപ്പൻ, കെ.എ. ഉമ്മൻ റ്റി. എ. ജോർജ് തുടങ്ങിയവരടങ്ങിയ വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നു.

### ഗുഡ്ന്യൂസ് സ്റ്റാൾ

**കൺവൻഷൻ** സ്ഥലത്ത് ഗുഡ്ന്യൂസ് സ്റ്റാൾ പ്രവർത്തിക്കുന്നതാണ്. വരിസംഖ്യ പുതുക്കുന്നതിനും പുതിയ വരിക്കാരായി ചേരുന്നതിനും ഈ അവസരം വിനിയോഗിക്കുമല്ലോ.



ഡോ. കെ. മുരളീധർ ഗുഡ്ന്യൂസ് പ്രൊമോഷണൽ മീറ്റിങ് ഉദ്ഘാടനം ചെയ്യുന്നു.

# കർത്താവിൽനിന്നു പ്രാപിക്കുന്നവരാണു ശുശ്രൂഷകർ

**അട്ടപ്പാടി:** തങ്ങൾത്തന്നെ ഉണ്ടാക്കുന്നതിന്റെ വിതരണക്കാരല്ല, മറിച്ച് ദൈവത്തിൽനിന്നു പ്രാപിക്കുന്നതിന്റെ വിതരണക്കാരായിരിക്കണം ശുശ്രൂഷകർ എന്നു ഡോ. കെ. മുരളീധർ പറഞ്ഞു. ഡിസംബർ 11നു അഗളി ഇമ്മാനുവേൽ കോട്ടേജിൽ ഗുഡ്ന്യൂസ് പ്രൊമോഷണൽ മീറ്റിങ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

"മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനുമത്രേ വന്നത്, എന്നു പറഞ്ഞ യേശുവിന്റെ ശിഷ്യരായ ദൈവവേലക്കാരുടെയും ജീവിതശൈലി അതായിരിക്കണം. ശുശ്രൂഷയിൽ കുറെ വർഷങ്ങം കഴിയുമ്പോൾ യജമാനന്മാരായി എന്ന ചിന്ത വരാൻ പാടില്ല. ശുശ്രൂഷകൾ കർത്താവു നമ്മെകൊണ്ടു ചെയ്യിക്കുന്നതാണ്. അല്ലാതെ നാം കർത്താവിനുവേണ്ടി ചെയ്യുന്നതല്ല. ജോലിക്കു നിയമിക്കപ്പെട്ടവരല്ല, നിയമിക്കുന്നവനാണു പ്രവൃത്തി നിശ്ചയിക്കുന്നത്. ദൈവവുമായി ബന്ധപ്പെട്ടുകൊണ്ടിരുന്നാൽ മാത്രമേ ദൈവഹിതം തിരിച്ചറിഞ്ഞു ശുശ്രൂഷിക്കാൻ പറ്റൂ. അല്ലെങ്കിൽ ശുശ്രൂഷയിൽ സ്വന്ത ഇഷ്ടം കയറിക്കൂടി അബദ്ധം സംഭവിക്കും. യേശു അഞ്ചപ്പംകൊണ്ടു അയ്യായിരത്തെ പോഷിപ്പിച്ച സംഭവത്തിൽ ശിഷ്യന്മാരുടെ ഇഷ്ടം വിശക്കുന്ന ജനത്തെ പറഞ്ഞുവിടണമെന്നായിരുന്നു. എന്നാൽ, യേശുവിന്റെ ഇഷ്ടം അതിനേക്കാൾ ശ്രേഷ്ഠവും ശിഷ്യന്മാർക്കു അംഗീകാരം നേടികൊടുക്കുന്നതുമായിരുന്നു. അവരുടെ കൈകളാണു അപ്പം വിതരണം ചെയ്തത്.

ദേശത്തെ കാർന്നുതിന്നുന്ന അന്ധകാര ശക്തികളെ തുരത്തുവാനുള്ള ശുശ്രൂഷ നമ്മെകൊണ്ടു ചെയ്യിക്കാനാണു കർത്താവിന്റെ ഇഷ്ടം. അതിനു നമ്മെയല്ലാതെ രാജ്യത്തിന്റെ ഭരണാധികാരികളെ ദൈവത്തിനു ഉപയോഗിക്കാൻ പറ്റുമോ? ദൈവം നമ്മെകൊണ്ടു ചെയ്യിക്കുന്ന ശുശ്രൂഷകൾക്കു സ്വയം പ്രചരണം നൽകി അതിന്റെ മറവിൽ വലിയവനാകാൻ ശ്രമിക്കരുത്. യേശു ചെയ്ത എല്ലാ ശുശ്രൂഷകൾക്കും പിതാവിനു മഹത്ത്വം കൊടുത്താണു നമുക്കു മാതൃക കാട്ടിയത്. കള്ളനോട്ടുകൾ ആദ്യകൈമാറ്റത്തിൽ പിടിക്കപ്പെട്ടില്ലെന്നു വരാം. എന്നാൽ, ഒരു ബാങ്കിൽ എത്തുമ്പോൾ അതു

10

# പി. എം. ജി. ചർച്ച് ജനറൽ കൺവൻഷൻ

**തിരുവനന്തപുരം:** പെന്തെക്കോസ്തൽ മാറാനാഥാ ഗോസ്പൽ ചർച്ച് ജനറൽ കൺവൻഷൻ ഡിസംബർ 26– 30 വരെ പാളയം ഹെഡ്ക്വാർട്ടേഴ്സ് ബിൽഡിങ്ങിലുള്ള കർമേൽ പ്രെയർ ഹാളിൽ നടക്കും. സഭാപ്രസിഡന്റ് പാസ്റ്റർ കെ. കെ. ജോസഫ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ബാബു സാമുവേൽ, പി. എം. പാപ്പച്ചൻ, പാപ്പി മത്തായി, എം. എ. ജോൺ എന്നിവർ പ്രധാന പ്രസംഗകരായിരിക്കും. പി.എം. ജി. മ്യൂസിക്ക് ഗാനങ്ങൾ ആലപിക്കും.

കൺവൻഷനോടനുബന്ധിച്ച് സഹോദരിസമ്മേളനം, ശുശ്രൂഷക മീറ്റിങ്, ഉണർവുയോഗം തുടങ്ങിയവയും ഞായറാഴ്ച പകൽ പൊതുസഭായോഗവും ഉണ്ടായിരിക്കും.

സഭാപ്രസിഡന്റ് ജനറൽ കൺവീനറായി പാസ്റ്റർമാരായ റ്റി. എം. കോശി, കെ. ജെ. ജോസഫ്, ആർ. സി. കുഞ്ഞുമോൻ, സുവി. കോശി ഫിലിപ്പ് തുടങ്ങിയവരടങ്ങിയ വിവിധ കമ്മറ്റികൾ പ്രവർത്തിച്ചുവരുന്നു.



5 ● ക്രിസ്തുമസിന്റെ കാലിക പ്രസക്തി
6 ● ക്രിസ്തു ഇന്നും കാലിത്തൊഴുത്തിലോ?
● നിശബ്ദയായി ഒരമ്മ
7 ● പുൽക്കൂട്ടിന്റെ ശാന്തതയ്ക്കുമപ്പുറം...



ബാംഗ്ലൂർ ഐക്യ മലയാളി പെന്തെക്കോസ്ത് സമ്മേളനത്തിൽ ഇവാ. സാജു മാത്യു പ്രസംഗിക്കുന്നു.

# ഉപേക്ഷണമില്ലാതെ യേശുവിനെ അനുഗമിക്കാൻ സാധ്യമല്ല: ഇവാ. സാജു മാത്യു

**ചാക്കോ കെ. തോമസ്**

**ബാംഗ്ലൂർ:** യേശുവിനെ അനുഗമിക്കുന്നവർ സകലവും ത്യജിക്കുന്നവരായിരിക്കണമെന്നു ഇവാ. സാജു മാത്യു പറഞ്ഞു. ബാംഗ്ലൂർ ഐക്യ മലയാളി പെന്തെക്കോസ്ത് സമ്മേളനത്തിൽ 'സകലവും ത്യജിച്ച് എന്റെ ശിഷ്യരാകുവിൻ' എന്ന വിഷയത്തെ ആസ്പദമാക്കി പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. നമ്മുടെ മനസ്സിൽ ശൂന്യതയുണ്ടെങ്കിൽ മാത്രമേ യേശുവിനെ സ്വീകരിക്കാൻ സാധിക്കൂ എന്നും അദ്ദേഹം പറഞ്ഞു. കർണാടക എ. ജി. ജനറൽ സെക്രട്ടറി പാസ്റ്റർ റ്റി. ജെ. ബെന്നി ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ കെ.എസ്. ജോസഫ്, ആർ. ജി. പോൾ ഇ. ജെ. ജോൺസൻ സി. വി. ഉമ്മൻ എം. ഐ. ഈപ്പൻ എന്നിവർ പ്ര,സംഗിച്ചു.

സമ്മേളനത്തോടനുബന്ധിച്ച് ശുശ്രൂഷകർക്കായി പ്രത്യേക സെമിനാർ, യൂത്ത് ചലഞ്ച് എന്നിവ ഉണ്ടായിരുന്നു. പാസ്റ്റർമാരായ ജി ആൻഡ്രൂസ്, ഷിബു ബ്രദർ ബിബൻ മാത്യു എന്നിവരുടെ നേതൃത്വത്തിൽ ക്വയർ ഗാനങ്ങൾ ആലപിച്ചു. സമ്മേളനത്തിൽ ഡോ. ജോൺ താന്നിക്കലിനെ ആദരിച്ചു. ജനറൽ കൺവീനർ പാസ്റ്റർ ഭക്തവൽസലൻ സ്വാഗതവും ബ്രദർ ബിജു മാത്യു നന്ദിയും പറഞ്ഞു.

# ദാരിദ്ര്യത്തിലും വിജയത്തിന്റെ സ്വർണത്തിളക്കം



**തൃശൂർ:** പട്ടിണിക്കും പരാധീനതകൾക്കും മുമ്പിൽ പതറാതെ നിശ്ചയദാർഢ്യവും ദൈവവിശ്വാസവും കൈമുതലാക്കി ജിൻസി കുഞ്ഞുമോൻ ഓടിക്കയറിയത് വിജയത്തിന്റെ കൊടുമുടിയിലേക്ക്

ജില്ലാ സ്കൂൾ കായിക മേളയിൽ രണ്ടു സ്വർണവും ഒരു വെള്ളിയും നേടിയ ജിൻസി ജില്ലയ്ക്കു തന്നെ അഭിമാനമായി. 800, 1500 മീറ്റർ ഓട്ടത്തിൽ ഒന്നാം സ്ഥാനവും, പോൾവാൾട്ടിൽ രണ്ടാം സ്ഥാനവുമാണ് ഈ മിടുക്കി കൈപ്പിടിയിൽ ആക്കിയത്. സേക്രട്ട് ഹാർട്ട് ഹയർ സെക്കന്ററി സ്കൂളിലെ പത്താംക്ലാസ് വിദ്യാർഥിനിയായ ജിൻസി തൃശൂർ ഈസ്റ്റ് ഉപജില്ലയിലെ വ്യക്തിഗത ചാമ്പ്യനാണ്. മൂന്നാം ക്ലാസിൽ പഠിക്കുമ്പോൾ പിതാവു നഷ്ടപ്പെട്ട ജിൻസിയെ കൂലിപ്പണിചെയ്ത് ഏറെ കഷ്ടപ്പാടുകൾ സഹിച്ചാണ് അമ്മ ഡെയ്സി പഠനത്തിനും മത്സരത്തിനും അയയ്ക്കുന്നത്. സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ കായിക മത്സരങ്ങളിൽ മികവു കാട്ടിയിരുന്ന ഡെയ്സിയുടെ ആഗ്രഹമായിരുന്നു മകളെ കായിക താരമാക്കണമെന്നത്. ദാരിദ്ര്യം തന്റെ ഭാവിയെ തകർത്തതുപോലെ മകൾക്കു സംഭവിക്കാതിരിക്കട്ടെ എന്നാണു ഈ അമ്മയുടെ പ്രാർഥന. ഡെയ്സിയുടെ മൂത്തമകൾ പ്രിൻസി ടി. ടി. സി. വിദ്യാർഥിനിയാണ്. ഫുൾ ഗോസ്പൽ പെന്തെക്കോസ്തു ദൈവ സഭയിലെ സജീവ അംഗങ്ങളായ ഈ കുടുംബം തൃശൂരിൽനിന്നു 25 കിലോമീറ്റർ അകലെ മലയോരഗ്രാമമായ മാന്നാമംഗലം വെള്ളപ്പാറയിലാണു താമസം. വാഹനസൗകര്യമില്ലാത്ത വെള്ളപ്പാറയിലെ വീട്ടിലെത്താൻ ബസ്സിറങ്ങി ഒന്നരകിലോമീറ്റർ നടക്കണം. രണ്ടു പെൺകുട്ടികളുടെയും പഠനവും ഭാവിയും മുന്നിൽ കണ്ട് വിശ്രമമില്ലാതെ ജീവിതത്തോടു പോരാടുകയാണ് ഈ മാതാവ്. മികച്ച പരശീലനവും അനുകൂലമായ ജീവിത സാഹചര്യങ്ങളും ലഭിച്ചാൽ ജിൻസിയെ പിന്നെയും ഉയരങ്ങളിലേക്കു എത്തിക്കുവാൻ കഴിയുമെന്നു സ്കൂൾ കോച്ച് വിത്സൻ ഗുഡ്ന്യൂസിനോടു പറഞ്ഞു.

*ടോണി ഡി. ചെവ്വൂക്കാരൻ*

# സമർപ്പണം-200



**സാജു**

## അണലിയെപ്പോലും രൂപാന്തരപ്പെടുത്തുന്ന ആത്മസ്നാനം!

*“ഞാൻ നിങ്ങളെ വെള്ളത്തിൽ മുക്കിയതുകൊണ്ടും നിങ്ങൾ മാനസാന്തരപ്പെടുകയില്ല. കാരണം, നിങ്ങൾ അണലിയുടെ സന്തതികളാണ്... അണലി വെള്ളത്തിൽ മുങ്ങിപ്പൊങ്ങിയാലും അണലിതന്നെ...*

### (വായനഭാഗം മത്തായി 3:1-12).

“എന്റെ പിന്നാലെ വരുന്നവനോ എന്നെക്കാൾ ബലവാനാകുന്നു... അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനമേൽപ്പിക്കും (മത്തായി 3:11).

**ഒ**രു ഈസോപ്പു കഥയുണ്ട്. ഒരു മനുഷ്യൻ മഞ്ഞിലൂടെ നടക്കുകയാണ്. നിരന്തരം പെയ്യുന്ന മഞ്ഞ് പാതകളെ മൂടിക്കളയുന്നു. പുതയുന്ന പാതകൾ വലിച്ചുവെച്ചു നടക്കുമ്പോൾ വടിപോലെ എന്തോ ഒന്നു മഞ്ഞിൽ പുതഞ്ഞു കിടക്കുന്നതു അവൻ കണ്ടു. എന്താണന്നറിയാൻ അയാൾ കാലുകൊണ്ടതു തട്ടി -വടിയല്ലത്. വളഞ്ഞുകിടക്കുന്ന ആ സാധനം അയാൾ കയ്യിലെടുത്തു നോക്കി. അതൊരു അണലിയായിരുന്നു. മഞ്ഞിൽപ്പെട്ടുപോയ അണലിയോടു അയാൾക്കു സഹതാപം തോന്നി. പുറത്തെ മഞ്ഞെല്ലാം തൂത്തുകളഞ്ഞിട്ട് അയാളാ അണലിയെ തന്റെ കമ്പിളിക്കുപ്പായത്തിനുള്ളിലേക്കു തിരുകി.!

കമ്പിളിയുടെയുള്ളിൽ അയാളുടെ മാറിന്റെ ചൂടേറ്റ് അണലി പതിയെ ജീവനിലേക്കു മടങ്ങിവന്നു. എന്നാൽ, ജീവൻ തിരിച്ചു കിട്ടിയപ്പോൾ അണലി ആദ്യം ചെയ്തത്, തനിക്കു ജീവൻ പകർന്നുതന്ന തന്റെ രക്ഷകനെതന്നെ ഒരു വിഷക്കൊത്തു കൊടുക്കുകയായിരുന്നു. താൻ രക്ഷിച്ച അണലി ഒരിക്കലും പ്രതീക്ഷിക്കാത്ത നിലയിൽ തന്നെത്തന്നെ കൊത്തിയപ്പോൾ അയാൾ അണലിയോടു ചോദിച്ചു: “ പ്രിയപ്പെട്ട അണലീ, നീ മഞ്ഞിൽകിടന്നു മരിക്കുമ്പോൾ എനിക്കു നിന്നോടു കരുണതോന്നി നിന്നെ എന്റെ മാർവിന്റെ ചൂടു നല്കി ജീവിപ്പിച്ചു എന്നിട്ടും എന്തേ എനിക്കു നീ വിഷക്കൊത്തു നൽകി?

അണലിയുടെ ഉത്തരം വളരെ ലളിതമായിരുന്നു. ‘അത് ഞാനൊരു അണലിയായതുകൊണ്ടുതന്ന (because Iam a viper) എനിക്കു കൊത്താനേ അറിയൂ..”

അണലിക്കു തന്റെ സ്വഭാവം മാറ്റാൻ കഴികയില്ല. ഈ തത്ത്വത്തിലാണു യോഹന്നാൻ സ്നാപകൻ പരീശരെയും സദൂക്യരെയും സർപ്പസന്തതികളേ (അണലിയുടെ സന്തതികളെ-offspring of vipers) എന്നു വിളിച്ചത്.

“തന്നെ സ്നാനത്തിനായി പരീശരിലും സദൂക്യരിലും ചിലർ വരുന്നതു കണ്ടാറെ അവൻ അവരോടു പറഞ്ഞത്: സർപ്പസന്തതികളേ വരുവാനുള്ള ..... ഒഴിഞ്ഞ് ഓടിപ്പോകുവാൻ നിങ്ങൾക്കു ഉപദേശിച്ചു തന്നത് ആർ?” (വാ.7).

യോഹന്നാൻ തന്റെ പ്രസംഗം തുടങ്ങുന്നത് ‘മാനസാന്തരം’ പ്രസംഗിച്ചുകൊണ്ടാണ്. അതു കേട്ട് ജനങ്ങൾ തങ്ങളുടെ പാപങ്ങളെ ഏറ്റു പറഞ്ഞുകൊണ്ടു യോർദാൻ നദിയിൽ അവനാൽ സ്നാനമേറ്റു (വാ. 6).

യോഹന്നാന്റെ പ്രസംഗം ഒരു ‘വിപ്ലവ’മായിരുന്നു. യോഹന്നാന്റെ ജീവിതംതന്നെ ‘വിപ്ലവകര’മായിരുന്നു. അവൻ സാധാരണക്കാരിൽനിന്നു വ്യത്യസ്തനായിരുന്നു. പുരോഹിത കുടുംബത്തിലായിരുന്നു അവന്റെ ജനനമെങ്കിലും, അവൻ തന്റെ ശുശ്രൂഷയായി തിരഞ്ഞെടുത്തതു യെരൂശലേം ദൈവാലയമായിരുന്നു. പ്രത്യുത, യെഹൂദ്യ മരുഭൂമിയിലായിരുന്നു(വാ.1). യോഹന്നാന്റേത് ധൂമ്രനൂൽ പതിച്ച പുരോഹിതവസ്ത്രമായിരുന്നില്ല; പ്രത്യുത, ഒട്ടകരോമംകൊണ്ടുള്ള ഉടുപ്പും അരയിൽ തോൽവാറും!(വാ.4).

എന്നാൽ, സുഖലോലുപന്മാരായ പുരോഹിതന്മാർക്കും വിജ്ഞാനികളായ യെഹൂദ റബ്ബിമാർക്കും സ്വപ്നം കാണാൻ കഴിയാത്തഅത്ര ജനങ്ങൾ യോഹന്നാന്റെ പ്രസംഗം കേൾക്കാനെത്തി. “അന്നു യെരൂശലേമ്യരും യെഹൂദ്യദേശക്കാരൊക്കെയും യോർദാന്റെ ഇരുകരയിലുമുള്ള എല്ലാ നാട്ടുകാരും പുറപ്പെട്ട് അവന്റെ അടുക്കൻ ചെന്നു” (വാ. 5). യോഹന്നാന്റെ പ്രസംഗം അവരിൽ അനുതാപം വിതച്ചു. അവന്റെ പ്രസംഗം കേട്ട് ആളുകൾ അവരുടെ പാപങ്ങളെ ഏറ്റുപറഞ്ഞു. മാനസാന്തരപ്പെട്ടവരെ യൊഹന്നാൻ വെള്ളത്തിൽ സ്നാനപ്പെടുത്തി (വാ.6). ജനങ്ങളുടെ ഹൃദയത്തിൽ അവർക്കുണ്ടായ മാനസാന്തരത്തിന്റെ ഒരു പരസ്യ വെളിപ്പെടുത്തലുകൾ എന്ന നിലയിലാണു യോഹന്നാൻ അവരെ സ്നാനപ്പെടുത്തിയത് (വാ.11).

അതൊരു ചെറിയ കാര്യമല്ല: കാരണം, യെഹൂദനു പരിചയമുള്ള സ്നാനം ജാതീയർ സ്വീകരിക്കുമ്പോൾ അവർ ഏൽക്കുന്ന സ്നാനമാണ്. ജാതികൾക്കു മാനസാന്തരം ആവശ്യമാണെന്നു യെഹൂദനറിയാം. എന്നാൽ, യെഹൂദൻതന്നെ വീണ്ടും സ്നാനമേൽക്കുന്നതിനെ അവർക്കു ഒരിക്കലും അംഗീകരിക്കാൻ കഴിഞ്ഞിരുന്നില്ല. തങ്ങൾ അബ്രാഹാമിന്റെ സന്തതികളാണെങ്കിൽ വാഗ്ദത്തനാട്, സ്വർഗീയ കനാൻ അവർക്കു സ്വന്തം എന്നതായിരുന്നു അവരുടെ ചിന്ത... (ഉല്പത്തി 13: 14-15) എന്നാൽ, അബ്രഹാമിൽനിന്നുള്ള ജനനം സ്വർഗപ്രവേശനത്തിനുള്ള പെർമനെന്റ് വിസ അല്ലെന്നു യോഹന്നാൻ തീർത്തുപറഞ്ഞു. “ അബ്രാഹാം ഞങ്ങൾക്കു പിതാവായിട്ടുണ്ടന്നു ഉള്ളംകൊണ്ടു പറയാൻ തുനിയരുത്. ‘ഈ കല്ലുകളിൽനിന്നു അബ്രഹാമിനു മക്കളെ ഉണ്ടാക്കുവാൻ ദൈവത്തിനു കഴിയും’ (വാ.9). ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അവിടെ പ്രവേശിക്കാൻ കഴിയുന്നത് അബ്രഹാമിന്റെ പാരമ്പര്യം പറയുന്നവർക്കല്ല, പ്രത്യുത, പാപങ്ങളെ ഏറ്റു പറഞ്ഞു മാനസാന്തരപ്പെടുന്നവർക്കാണ് (വാ.2).

യെഹൂദന്മാരും യെഹൂദേതരും എന്തിന്? റോമൻ പട്ടാളക്കാരുപോലും യോഹന്നാന്റെ മാനസാന്തരപ്രസംഗം കേട്ടു(ലൂക്കൊസ്. 3:10-14) യോർദാൻ നദിയിൽ തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞു സ്നാനമേറ്റു.

യോഹന്നാനെ ചോദ്യംചെയ്യാൻ പുരോഹിതന്മാരും ലേവ്യരുംവരെ യോർദാൻ കരയിലെത്തി (യോഹന്നാൻ 1: 19-28). അവക്കു യോഹന്നാൻ നല്ല മറുപടി കൊടുത്തു മടക്കി അയച്ചു. യെഹൂദ്യ പ്രഭുക്കന്മാർ യോഹന്നാനെ ചോദ്യംചെയ്യാനെത്തിയതു നമുക്കു മനസ്സിലാക്കം. കാരണം, അവരുടെ മതത്തിന്റെ അടിത്തറ ഇളക്കുന്ന സന്ദേശമാണു യോഹന്നാൻ ജനങ്ങളിലെത്തിച്ചത്. എന്നാൽ അവിശ്വസനീയമായ മറ്റൊരു കാര്യമാണ് നമ്മുടെ വോദഭാഗത്തു നടക്കുന്നത്. “ തന്റെ സ്നാനത്തിനായി പരീശരിലും സദൂക്യരിലും ചിലർ ഒരുങ്ങിവന്നു’ (വാ.7). അപ്പോഴാണു യോഹന്നാൻ അവരെ ‘സർപ്പസന്തതികളേ’ എന്നു വിളിക്കുന്നത്.

**യോഹന്നാന്റെ സ്ഥാനത്തു നമ്മളായിരുന്നെങ്കിൽ പരീശന്റെ സ്നാനം ഒരു ആഘോഷമാക്കിയേനേ. കഴിയുമെങ്കിൽ അതിന്റെ ഫോട്ടോകൾ നിരത്തി പത്രത്തിൽ ഒരു സപ്ലിമെന്റ്! വീഡിയോക്ലിപ്പുകൾ ചേർത്തുവെച്ച് വെബ്സൈറ്റിൽ ഒരു പുതിയ പേജ്...**

യഥാസ്ഥിതിക മതത്തിന്റെ പ്രചാരകരും പ്രഘോഷകരുമായ പരീശരും സദൂക്യരും യോഹന്നാന്റെ പ്രസംഗം കേൾക്കാനും അവന്റെ കൈകീഴിൽ സ്നാനമേൽക്കാനും എന്തുകൊണ്ടു തയ്യാറായി വന്നു എന്നതു നമ്മെ ചിന്തിപ്പിക്കുന്ന ഒരു കാര്യമാണ്. ഒരുപക്ഷേ, യോഹന്നാന്റെ സ്ഥാനത്തു നമ്മളായിരുന്നെങ്കിൽ പരീശന്റെ സ്നാനം ഒരു ആഘോഷമാക്കിയേനേ. കഴിയുമെങ്കിൽ അതിന്റെ ഫോട്ടോകൾ നിരത്തി പത്രത്തിൽ ഒരു സപ്ലിമെന്റ്! വീഡിയോക്ലിപ്പുകൾ ചേർത്തുവെച്ച് വെബ്സൈറ്റിൽ ഒരു പുതിയ പേജ്.

എന്നാൽ, വെള്ളത്തിൽ ഇറങ്ങാൻ തയ്യാറുള്ള എല്ലാവരെയും മുക്കിപ്പൊക്കിയെടുക്കാൻ യോഹന്നാൻ സ്നാപകൻ തയ്യാറല്ലായിരുന്നു. എന്തിനുവേണ്ടിയാണ്, എന്തു കാരണത്താലാണ് ഇക്കൂട്ടർ സ്നാനത്തിനൊരുങ്ങി വന്നത് എന്നു യോഹന്നാൻ വിവേചിച്ചറിഞ്ഞു.

‘വരുവാനുള്ള കോപത്തെ ഒഴിഞ്ഞുപോകുവാൻ നിങ്ങൾക്കു ഉപദേശിച്ചുതന്നത് ആർ? ”(വാ.7) യോഹന്നാൻ ചോദിക്കുന്നു.

എന്താണിതിനർഥം? ഈ പരീശന്മാർ മറ്റെല്ലാ പരീശന്മാരെപോലെ പുറംമോടികളിലെ ഭക്തിമാത്രം സൂക്ഷിക്കുന്നവരാണ്. അവരുടെ ഹൃദയം അഴുകിയ ശവക്കല്ലറകൾപോലെതന്നെ. ഈ സദൂക്യരും മാനസാന്തരമില്ലാത്തവർതന്നെ. എന്നാൽ, യോഹന്നാനിൽനിന്നുകേട്ട ന്യായവിധിയുടെ വചനങ്ങൾഎങ്ങനെയൊക്കെയോ അവരുടെ ചെവികളി

3

# ദുഷ്ടനെ ദൈവം പനപോലെ വളർത്തുമോ?

***ചി***ല ദിവസങ്ങൾക്കു മുമ്പ് ശ്രീ ബാലകൃഷ്ണപിള്ള ചിലമാധ്യമ പ്രവർത്തകരുമായി സംസാരിക്കുമ്പോൾ അവർ അദ്ദേഹത്തോട്, “പ്രതിപക്ഷ നേതാവായിരിക്കുന്ന ശ്രീ വി. എസ്. അച്ചുതാനന്ദൻ താങ്കളെ ഇപ്പോഴും വേട്ടയാടുകയാണോ” എന്നു ചോദിച്ചു. അതിനു മറുപടിയായി അദ്ദേഹം പ്രതികരിച്ചതു എനിക്കു വേദപുസ്തകത്തിലെ ഒരു വാചകമാണു ഓർമ വരുന്നത്. ദൈവം ദുഷ്ടനെ പനപോലെ വളർത്തുമെന്നും, അതിന്റെ താഴെ രണ്ടു വരികൾ കൂടെയുണ്ട്. അവന്റെ ശേഷം സന്തതി പരമ്പരയിൽകൂടെ അതിനുള്ള ശിക്ഷ കിട്ടും എന്നാണു ബാലകൃഷ്ണപിള്ള ഉത്തരം നൽകിയത്.

**ദുഷ്ടൻ അനുകൂല കാലവസ്ഥയിൽ സ്വദേശികമായ പച്ചവൃക്ഷംപോലെ തഴെയ്ക്കുകയും നശിച്ചുപോകുകയും ചെയ്യുമ്പോൾ നീതിമാൻ പ്രതികൂല കാലാവസ്ഥയിലും പനപോലെ തഴെച്ചു വളരും എന്ന യാഥാർഥ്യമാണു വിശുദ്ധ ബൈബിൾ നമുക്കു നൽകുന്നത്.**

ശ്രീമാൻ ബാലകൃഷ്മപിള്ള സാർ ധരിച്ചുവച്ചിരിക്കുന്നതുപോലെയുള്ള ഒരു വാക്കും വിശുദ്ധ ബൈബിളിൽ ഇല്ല. ബൈബിളിൽ ‘‘നീതിമാൻ പനപോലെ തഴെയ്ക്കും; എന്നാണ് സങ്കീ 92:12ൽ, എന്നാൽ, അതിനു മുകളിൽ പ്രസ്താവിച്ചിരിക്കുന്നതു’’ ദുഷ്ടന്മാർ പുല്ലുപോലെ മുളയ്ക്കുന്നതും നീതികേടു പ്രവർത്തിക്കുന്നവരൊക്കെയും തഴെയ്ക്കുന്നതും എന്നേക്കും നശിച്ചു പോകേണ്ടതിനാകുന്നു’’ (സങ്കീ.92:7). വിശുദ്ധ ബൈബിളിൽ ഇല്ലാത്ത ഒരു വാക്യം ഉള്ളതുപോലെ മാധ്യമങ്ങൾ വഴി പരസ്യമായി പറഞ്ഞാൽ ഞാൻ ഏഷ്യാനെറ്റിൽകൂടി കേട്ട അവസരം ഞാൻ ഫോണിൽകൂടെ ഞാൻ ബന്ധപ്പെട്ടു. ഞാൻ അദ്ദേഹത്തോടു പറഞ്ഞത് ഞാൻ അങ്ങ് പ്രസ്താവിക്കുന്നതുപോലെ ഒരു വാക്യം വിശുദ്ധ ബൈബിളിൽ ഇല്ല. പിന്നെയോ “നീതിമാൻ പനപോലെ തഴെക്കും’’ എന്നാണ്. തന്നെയുമല്ല സങ്കീ. 37: 35 ൽ “ദുഷ്ടൻ പ്രബലനായിരിക്കുന്നതും



**പാസ്റ്റർ വീയപുരം ജോർജുകുട്ടി**

സ്വദേശികമായ പച്ചവൃക്ഷംപോലെ തഴെക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്. പിന്നെ ഞാൻ അതിലെ പോയപ്പോൾ അവൻ ഇല്ല, ഞാൻ അന്വേഷിച്ചു, അവനെ കണ്ടതുമില്ല” എന്ന യാഥാർഥ്യം ഞാൻ അവനെ ബോധ്യപ്പെടുത്തി.

അദ്ദേഹം എന്നോടു പറഞ്ഞു: ബൈബിളിൽ അങ്ങനെയൊരു വാക്യം ഇല്ലെങ്കിൽ ഞാൻ അതു പിൻവലിക്കാം. എന്റെ സ്നേഹിതനുമായി ഞാൻ തർക്കിക്കുന്നില്ല. എന്നാൽ, ഞാൻ ചെറുപ്പംമുതൽ കേട്ടു വളർന്നിരിക്കുന്നതു ഇപ്രകാരം ആയിരുന്നുവെന്നു എന്നെ ഓർമിക്കുകയുണ്ടായി.

ദുഷ്ടൻ അനുകൂല കാലവസ്ഥയിൽ സ്വദേശികമായ പച്ചവൃക്ഷംപോലെ തഴെയ്ക്കുകയും നശിച്ചുപോകുകയും ചെയ്യുമ്പോൾ നീതിമാൻ പ്രതികൂല കാലാവസ്ഥയിലും പനപോലെ തഴെച്ചു വളരും എന്ന യാഥാർഥ്യമാണു വിശുദ്ധ ബൈബിൾ നമുക്കു നൽകുന്നത്.

ഇതുപോലെതന്നെ പറഞ്ഞു കേൾക്കുന്ന മറ്റൊരു വാചകമാണു “അവനവന്റെ വിശ്വാസം അവനവനെ രക്ഷിക്കും” എന്നത്, ഇതും വാസ്തവവിരുദ്ധമാണ്. ഇങ്ങനെയൊരു വാചകവും ബൈബിളിൽ ഇല്ല. യേശു കഫർന്നഹൂമിൽ എത്തിയപ്പോൾ ഒരു ശതാധിപൻ തന്റെ അടുക്കൽ വന്ന് ‘കർത്താവേ, എന്റെ ബാല്യക്കാരൻ പക്ഷവാതം പിടിച്ച് കഠിനമായി വേദനപ്പെട്ട് വീട്ടിൽ കിടക്കുന്നു’ എന്നപേക്ഷിച്ചു. ഉടനെ കർത്താവ് ഞാൻ വന്ന് അവനെ സൗഖ്യമാക്കും എന്നു പറഞ്ഞു. അതിനു ശതാധിപൻ ‘കർത്താവേ, നീ എന്റെ പുരയ്ക്കകത്തു വരാൻ ഞാൻ യോഗ്യനല്ല. ഒരു വാക്കുമാത്രം കല്പിച്ചാൽ എന്റെ ബാല്യക്കാരനു സൗഖ്യംവരും’ എന്നു പറഞ്ഞു. അവന്റെ ഉത്തരത്തിൽ യേശു അതിശയിച്ച് പിൻചെല്ലുന്നവരോടു, ‘യിസ്രായേലിൽകൂടെ ഇത്രവലിയ വിശ്വാസം കണ്ടിട്ടില്ല’ യേശു ശധാതിപനോടു ‘നീ വിശ്വസിച്ചതു പോലെ നിനക്കു ഭവിക്കട്ടെ’ എന്നും പറഞ്ഞു. ആ നാഴികയിൽതന്നെ അവന്റെ ബാല്യക്കാരനു സൗഖ്യം വന്നു (മത്തായി 8:5-13). ഇവിടെ ശതാധിപനു കർത്താവിലുള്ളവിശ്വാസം യേശു അറിഞ്ഞതുകൊണ്ടാണ്. നീ വിശ്വസിച്ചതുപോലെ നിനക്കു ഭവിക്കട്ടെ എന്നു പറഞ്ഞത്. അല്ലാതെ, ‘അവനവന്റെ വിശ്വാസം അവനവനെ രക്ഷിക്കും’ എന്നല്ല. അതുപോലെ തന്നെ യേശു ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ട ദുഷ്പ്രവൃത്തിക്കാരിൽ ഒരുത്തൻ യേശുവിനോട്: ‘യേശുവേ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തുകൊള്ളണമേ’ എന്നു പറഞ്ഞു. യേശു അവനോട് “ നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും എന്നു പറഞ്ഞു. കള്ളന്മാരിൽ ഒരുവൻ എന്നല്ലാതെ യേശുക്രിസ്തുവിന്റെ വലത്തുഭാഗത്തു കിടന്ന കള്ളൻ എന്നു ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ല. ഇങ്ങെനെയുള്ള പല കാര്യങ്ങളും ബൈബിളിൽ ഇല്ലെങ്കിലും നാം അറിയാതെ ബൈബിളിൽ ഉള്ളതായി ധരിച്ചുവച്ചിരിക്കുകയാണ്. സത്യം നാം മനസ്സിലാക്കുമ്പോൾ തെറ്റുകൾ തിരുത്തുവാൻ തയ്യാറാകുന്നതു നല്ലതാണ്.

2

# അണലിയെപ്പോലും രൂപാന്തരപ്പെടുത്തുന്ന ആത്മസ്നാനം!

ലെത്തിയിട്ടുണ്ട്. അതവരിൽ ഒരു ഉൾഭീതി ഉണ്ടാക്കിയിട്ടില്ലെന്നു പറയാനാവില്ല. ന്യായവിധിക്കായി ദൈവം ഇറങ്ങിവന്നാൽ തങ്ങളുടെ ഭാവി 'കട്ടപ്പൊക' എന്നു അവർക്കറിയാം. കപടഭക്തിക്കാരാണെങ്കിലും അവർ ബോധമില്ലാത്തവരല്ലല്ലോ.

ദൈവത്തിന്റെ ന്യായവിധിക്കു മുമ്പിൽ തങ്ങളുടെ ഭാവി കത്തിക്കരിഞ്ഞു പോകാതിരിക്കാൻ എന്താണു മാർഗം? " മാനസാന്തരപ്പെടണം" എന്നാണു യോഹന്നാൻ പ്രസംഗിക്കുന്നത്. എന്നാൽ, മാനസാന്തരം ചെലവുള്ള കാര്യമാണ്. രണ്ടുള്ളവൻ ഒന്നില്ലാത്തവനു കൊടുക്കണം; ന്യായമായ ശമ്പളം മാത്രമേ വാങ്ങാൻ പറ്റൂ...ഉള്ളതുകൊണ്ടു തൃപ്തിപ്പെടണം...(ലൂക്കൊസ് 3:10-14).

അങ്ങനെയൊക്കെ എങ്ങനെ ജീവിക്കും? അപ്പോഴാണു അതിബുദ്ധിമാന്മാരായ ചില കൗൺസിലർമാർ പരീശരുടെയും ശാസ്ത്രിമാരടെയും അടുത്തെത്തിയത്. അവർ പറഞ്ഞു: നിങ്ങൾ വിഷമിക്കേണ്ട. വരുവാനുള്ള ദൈവകോപത്തിൽനിന്നു രക്ഷപ്പെടുവാൻ യോഹന്നാൻ ഉപദേശിക്കുന്ന ഒന്നാമത്തെ സ്റ്റെപ്പ് മാനസാന്തരം തന്നെ. അതു അത്ര പ്രയാസം കുറഞ്ഞതല്ല. എന്നാൽ, ദൈവകോപത്തിൽനിന്നൊഴിയാൻ യേഹന്നാൻ നിർദേശിക്കുന്ന രണ്ടാമത്തെ സ്റ്റെപ്പ് ആണ് "സ്നാനം". അതു അത്ര പ്രയാസമുള്ള കാര്യമൊന്നുമല്ല. അതുകൊണ്ടു മാനസാന്തരത്തിനൊന്നും മെനക്കെടേണ്ടതില്ല...സംഗതി ക്ലീൻ നമ്മൾ അബ്രഹാമിന്റെ സന്തതികളല്ലേ; നമുക്കു മാനസാന്തരമൊന്നും ആവശ്യമില്ല. അബ്രഹാമിന്റെ സന്തതികളായതുകൊണ്ടാ നമുക്ക് ഈ ഭൗതികനന്മയൊക്കെ ലഭിച്ചത്. അതിപ്പോൾ വിശ്വാസമില്ലാത്തവരുമായി പങ്കുവയ്ക്കണമെന്നു പറയുന്നതിൽ എന്തു നീതി.

മാനസാന്തരമില്ലാതെ സ്നാനമേൽക്കാൻ വന്ന പരീശരെയും സദൂക്യരെയുമാണു യോഹന്നാൻ ''അണലിയുടെ സന്തതികൾ'' എന്നു വിളിച്ചത്. ഇന്നുമുണ്ട് മാനസാന്തമില്ലാതെ സ്നാനമേൽക്കാനെത്തുന്നവർ. അവരുടെ ചിന്ത ഒന്നു മുങ്ങിക്കഴിഞ്ഞാൽ നേരെ സ്വർഗത്തിലേക്കു പൊക്കോളും എന്നാണ്! എന്നാൽ ഒന്നോർക്കുക! മാനസാന്തരമാണു ഒന്നാമത്തെ പടി. ഒന്നാമത്തെ സ്റ്റെപ്പിൽ ചവിട്ടാതെ രണ്ടാമത്തെ സ്റ്റെപ്പിലേക്കു ചാടിക്കയറാൻ പരിശ്രമിക്കുന്നവരേ... ഒരു കാര്യം ഉറപ്പാണ്... നിങ്ങൾക്കു വരാൻപോകുന്ന കോപത്തിൽനിന്നു ഒഴിഞ്ഞുപോകാൻ കഴിയില്ല.

നമ്മുടെ പണവും കഴിവും പദവിയും ആരോഗ്യവും സമൃദ്ധിയും എല്ലാം കൊണ്ടു നടന്നിട്ടു ഒടുവിൽ ദൈവകോപത്തിൽ വെന്തെരിയുന്നതു ഒന്നു ആലോചിച്ചു നോക്കൂ... സ്നാനം ആവശ്യം തന്നെ. എന്നാൽ, സ്നാനത്തിനു മുമ്പ് ആവശ്യമായിരിക്കുന്നതു മാനസാന്തരമാണ്- സ്വഭാവത്തിന്റെ സംശുദ്ധീകരണം! മാനസാന്തരമില്ലാത്തവൻ സ്നാനമേറ്റിട്ടു ഒരു കാര്യവുമില്ല.

"മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്പ്പിൻ. ഞാൻ നിങ്ങള മാനസാന്തരത്തിനായി വള്ളത്തിൽ സ്നാനം ഏൽപ്പിക്കുന്നതേയുള്ളൂ..."(വാ.8,11). എന്റെ വാക്കുകൾകൊണ്ടൊന്നും നിങ്ങൾ മാനസാന്തരപ്പെടുകില്ല. ഞാൻ നിങ്ങളെ വെള്ളത്തിൽ മുക്കിയതുകൊണ്ടും നിങ്ങൾ മാനസാന്തരപ്പെടുകയില്ല. കാരണം, നിങ്ങൾ അണലിയുടെ സന്തതികളാണ്! നിങ്ങളുടെ സ്വഭാവം യോർദാൻ നദിയിലെ വെള്ളംകൊണ്ടു രൂപാന്തരപ്പെടുന്നതല്ല. അണലി വെള്ളത്തിൽ മുങ്ങിപ്പൊങ്ങിയാലും അണലിതന്നെ... അപ്പോൾ പരീശർക്കും സദൂക്യർക്കും ഒരു കാലത്തും ദൈവരാജ്യത്തിൽ പ്രവേശിക്കാൻ കഴിയില്ലേ? അവർക്കു ഒരിക്കലും ഒരു മാനസാന്തരം ഉണ്ടാവുകയില്ലേ? ഇവിടെയാണു യോഹന്നാൻ തന്റെ ജീവിതദൗത്യം നിർവഹിക്കുന്നത്. യോഹന്നാനെ ദൈവം ഭൂമിയിലേക്കു അയച്ചതുതന്നെ എന്തിനാണ്? "കർത്താവിന്റെ പാത നിരപ്പാക്കുവിൻ" (വാ. 3). യേശുവിനു വഴിയൊരുക്കാനാണു യോഹന്നാൻ എത്തിയത്. ഇവിടെയിതാ യോഹന്നാൻ യേശുവിനു വഴിയൊരുക്കുന്നു. ''സർപ്പസന്തതികളേ നിങ്ങൾക്കു രൂപാന്തരംവരുത്താൻ എന്റെ സ്നാനത്തിനു കഴികയില്ല. എന്നാൽ, "എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ ബലവാനാകുന്നു; അവന്റെ ചെരുപ്പു ചുമപ്പാൻ ഞാൻ മതിയായവനല്ല: അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനമേൽപ്പിക്കും"(വാ.11).

എന്താണിവിടെ യോഹന്നാൻ സ്നാപകൻ പറയുന്നത്. "എന്റെ സ്നാനത്തിനു അണലികളെ രൂപാന്തരപ്പെടുത്തുവാനുള്ള ശക്തിയൊന്നുമില്ല. എന്നാൽ, എന്റെ പിന്നാലെ വരുന്നവൻ മറ്റൊരു സ്നാനം നിങ്ങൾക്കു തരും. പരിശുദ്ധാത്മാവിലുള്ള സ്നാനം. അണലിയെപ്പോലും രൂപാന്തരപ്പെടുത്തുന്നതാണു പരിശുദ്ധാത്മാവിലുള്ള സ്നാനം. ആത്മാവു നിങ്ങളെ ഒരു പുതിയ സൃഷ്ടിയാക്കും. പുതിയ സൃഷ്ടിക്കു മാതമെ ദൈവരാജ്യത്തിൽ പ്രവേശിക്കാനാവൂ.

ആത്മാവിനു മാത്രമേ നിങ്ങളെ രൂപാന്തപ്പെടുത്താൻ കഴിയൂ...ആത്മാവിലുള്ള സ്നാനത്തിലൂടെ രൂപാന്തരപ്പെടാൻ ഏല്പ്പിച്ചുകൊടുക്കാത്ത അണലികൾക്കു അവൻ മറ്റൊരു സ്നാനം സൂക്ഷിച്ചു വച്ചിട്ടുണ്ട്: അതു തീയിലുള്ള സ്നാനമാണ്. "ഇപ്പോൾതന്നെ വൃക്ഷങ്ങളുടെ ചുവട്ടിൽ കോടാലി വച്ചിരിക്കുന്നു; നല്ലഫലം (മാനസാന്തരത്തിന്റെ ഫലം) കായ്ക്കാത്ത വൃക്ഷമൊക്കെയും വെട്ടി തീയിലട്ടു ചുട്ടുകളയും" (വാ.10).

''വീശുമുറം അവന്റെ കയ്യിലുണ്ട്; അവൻ കളത്തെ മുറ്റും വെടിപ്പാക്കി കോതമ്പ് കളപ്പുരയിൽ കൂട്ടിവയ്ക്കുകയും പതിർ കെടാത്ത തീയിൽ ഇട്ടുകളയുകയും ചെയ്യും" (വാ. 12).

മാനസാന്തപ്പെടാതെ സ്നാനമേറ്റതുകൊണ്ട് ആരും ദൈവകോപത്തിൽ നിന്നു ഒഴിവുള്ളവരാകുന്നില്ല. അബ്രഹാമിന്റെ പാരമ്പര്യമല്ല ഒരാളെ ദൈവരാജ്യത്തിലേക്കു പ്രവേശിപ്പിക്കുന്നത്. യെഹൂദരും വിജാതീയരും ക്രിസ്ത്യാനികളും വിശ്വാസികളും പുതുസൃഷ്ടിയാകണം മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്ക്കണം.

എന്നാൽ, മാനസാന്തരപ്പെടുവാൻ കഴിയാത്ത അണലികളായിരുന്നു- ആണ്- നമ്മിൽ പലരും. എന്നാൽ, അണലികൾക്കുപോലും പ്രത്യാശയ്ക്കു വകയുണ്ട്. കാരണം, പരിശുദ്ധാത്മാവ് അണലിയെപ്പോലും പുതുസൃഷ്ടിയാക്കുന്നതാണ്. ആത്മാവിലുള്ള ജനനമാണു നമ്മെ പുതുസൃഷ്ടിയാക്കുന്നത്. ആത്മാവിലുള്ള സ്നാനമാണ് അണലിയുടെ സ്വാഭാവമുള്ളവനെപ്പോലും രൂപാന്തരപ്പെടുത്തുന്നത്!

## സമർപ്പണപ്രാർഥന

കർത്താവേ, ഞാനൊരു "അണലി" യായിരുന്നു. മാനസാന്തരമില്ലാതിരുന്ന നീചസ്വഭാവിയായിരുന്ന അണലി. നിന്റെ ആത്മാവ് എന്നെ ഒരു പുതുസൃഷ്ടിയാക്കിയതിനായി ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു. നിന്റെ ആത്മാവിലെ സ്നാപനം നൽകിയ രൂപാന്തരീകരണത്തിൽ ഉറച്ചുനിൽക്കാനും ദൈവകോപത്തിൽനിന്നു ഒഴിഞ്ഞിരിക്കാനും എന്നെ സഹായിക്കണമെ, ആമേൻ.


പ്രീ - പബ്ലിക്കേഷൻ ! ! !

ബൈബിൾ സ്നേഹിതർ ഏറെ നാളായി കാത്തിരുന്ന
**ഇംഗ്ലീഷ് - മലയാളം ദ്വിഭാഷാബൈബിൾ**
ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ, ഇദംപ്രഥമമായി പ്രസിദ്ധീകരിക്കുന്നു.
**ബൈബിൾ കരസ്ഥമാക്കുവാൻ ഇതാ... ഒരു സുവർണ്ണാവസരം!**

**ഇംഗ്ലീഷ് (ESV) - മലയാളം (OV)**
**ദ്വിഭാഷാബൈബിൾ**




മുഖവില Rs. 950/
പ്രീ-പബ്ലിക്കേഷൻ വില Rs. 650/
തപാൽ/കൊറിയർ ചാർജ് Rs. 75/ (കേരളത്തിൽ മാത്രം)
ഈ സൗജന്യം 2012 ജനുവരി 30 വരെ മാത്രം
ബുക്കുചെയ്യുന്നവർ തങ്ങളുടെ വ്യക്തമായ വിലാസവും ഫോൺ നമ്പറും നൽകേണ്ടതാണ്.
ബുക്കുചെയ്തവർക്ക് മാരാമൺ മണൽപ്പുറത്തുള്ള ബൈബിൾ സൊസൈറ്റി സ്റ്റാളിൽ രസീതുമായി വന്ന് വേദപുസ്തകം കൈപ്പറ്റാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്

ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ,
കേരളാ ഓക്സിലിയറി
പി.ബി. നമ്പർ 114, കോട്ടയം -1
E-mail: bibleker@sancharnet.in
Ph: 0481 -2562103

Advt 444/11



## സുവിശേഷകനായ പാസ്റ്ററെ ആവശ്യമുണ്ട്

തിരുവനന്തപുരം ജില്ലയിൽ 90 ലധികം കുടുംബങ്ങൾ ഉള്ള ഐ. പി. സി. യുടെ ഒരു സഭയിലേയ്ക്ക്. പ്രായം 35-50 നും ഇടയിൽ. സാമാന്യം വിദ്യാഭ്യാസം. നല്ല വചന പരിജ്ഞാനം. യോഗ്യമായി എല്ലാവിധ ശുശ്രൂഷകളും ചെയ്യാനുള്ള കഴിവ്. സഭയുടെ പ്രവർത്തന പരിധിക്ക് പുറത്തോട്ടുള്ള യാത്ര പരിമിതമായിരിക്കണം.

അപ്പൊ. പ്രവൃ. 5:42 "പിന്നെ അവർ ദിനംപ്രതി ദൈവാലയത്തിലും വീടുതോറും മുടങ്ങാതെ യേശു തന്നെ ക്രിസ്തു എന്ന സുവിശേഷം അറിയിക്കുകയും പ്രസംഗിക്കുകയും ചെയ്തുപോന്നു".

സഭയുടെ പതിവായുള്ള ശുശ്രൂഷകൾ ചെയ്യണം. രണ്ടാഴ്ചയിലൊരിക്കലെങ്കിലും വിശ്വാസികളുടെ ഭവനങ്ങൾ സന്ദർശിക്കണം. പ്രസ്തുത വചനത്തിൽ അടിവരയിട്ടിട്ടുള്ള വാക്കുകൾ മാനദണ്ഡമായി സഭാവിശ്വാസികളുടേതായ ഒരു ഭവനം സന്ദർശിക്കുമ്പോൾ ആ ഭവനത്തിനു ചുറ്റുപാടും സ്ഥിതിചെയ്യുന്ന മറ്റു വിഭാഗങ്ങളിലുള്ള കുറഞ്ഞത് 10 ഭവനങ്ങളിൽ സുവിശേഷം അറിയിക്കാനുള്ള മനസ്സൊരുക്കം ഉണ്ടായിരിക്കണം. 1:10 എന്ന ക്രമത്തിൽ വിശ്വാസികളുടെ 90 ഭവനങ്ങളും മറ്റു വിഭാഗങ്ങളിലുള്ളവരുടെ 900 ഭവനങ്ങളും ചേർന്നുള്ള 990 ൽ സഭാവിശ്വാസികളുടെതല്ലാത്ത 900 ഭവനങ്ങൾ നാല് മാസത്തിലൊരിക്കലെങ്കിലും സന്ദർശിക്കണം.

ഒരാൾക്ക് സമയബന്ധിതമായി ഇത്രയും വീടുകളിൽ പോയി പ്രസ്തുത ദൗത്യം സ്തുത്യർഹമായി നിറവേറ്റുവാൻ സാധിക്കുകയില്ലായെന്നതിനാൽ അസോസിയേറ്റ് സുവിശേഷകന്മാരെകൂടെ നിയമിക്കുന്നതാണ്.

വളരെ ശ്രമകരവും ത്യാഗപരവും കൂട്ടായ്മയുമുള്ള ശുശ്രൂഷ തൃപ്തികരമായി ചെയ്തെടുക്കുവാൻ ഇപ്പോഴും കഴിഞ്ഞ വർഷങ്ങളിലും ഭവന സുവിശേഷീകരണം ഉൾപ്പെടെയുള്ള സഭാപ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്നവരിൽ താല്പര്യമുള്ളവർ ഉടനെ ബന്ധപ്പെടുക.

**ഫോൺ : 9947808308, 9447011226, 9446700206**

Advt 445/11

ഗുഡ്ന്യൂസ്
പെന്തെക്കോസ്തു വാർത്താ വാരിക
1187 ധനു 3

## ക്രൈസ്തവ മാധ്യമങ്ങൾക്കു ലക്ഷ്യബോധം വേണം

*മാ*ധ്യമങ്ങൾക്കു സമൂഹത്തിൽ സുപ്രധാന സ്ഥാനമുണ്ട്. രാഷ്ട്രീയ രംഗത്ത് ചലനങ്ങൾ ഉണ്ടാക്കുന്നതിനും ഭരണ തലത്തിൽ സ്വാധീനം ചെലുത്തുന്നതിനും മറ്റും മാധ്യമങ്ങൾക്കു കഴിയും എന്നതിനു ഉദാഹരണങ്ങൾ നിരവധിയാണ്. ഉള്ളത് ഇല്ലെന്നും ഇല്ലാത്തത് ഉണ്ടെന്നും വരുത്താൻ മാധ്യമങ്ങൾ ശ്രമിക്കാറുണ്ട്. വ്യക്തികളുടെ പ്രതിഛായ വർധിപ്പിക്കുന്നതിനും, തേജോവധം ചെയ്തു ഇല്ലായ്മ ചെയ്യുന്നതിനും ശ്രമിക്കുന്ന മാധ്യമങ്ങളെ ഇതിനകം നിങ്ങൾ തിരിച്ചറിഞ്ഞുകാണും. പാർട്ടികളുടെ മുഖപത്രമായി പ്രവർത്തിക്കുന്നതും വ്യക്തിതാത്പര്യങ്ങൾക്കു മുൻതൂക്കം നൽകുന്നതുമായ പ്രസിദ്ധീകരണങ്ങളുമുണ്ട്. ഇത്തരം ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുമ്പോൾ മാധ്യമങ്ങളുടെ ഉത്തരവാദിത്വവും കടമകളും വിസ്മരിക്കപ്പെടേണ്ടിവരിക സ്വാഭാവികമാണ്. സമൂഹത്തിൽ ഇവയ്ക്കുള്ള അംഗീകാരം പരിമിതമാവുകയും ചെയ്യും. വ്യക്തിതാല്പര്യങ്ങളോ രാഷ്ട്രീയലക്ഷ്യങ്ങളോ കൂടാതെ പ്രവർത്തിക്കുന്ന മാധ്യമങ്ങളേ സമൂഹത്തിനു നന്മ ചെയ്യൂ.

ഇവയ്ക്കെല്ലാം ഉദാഹരണങ്ങൾ ആത്മീയതലത്തിലുമുണ്ട്. എവിടെ നിന്നും എന്തും പകർത്തുന്ന പ്രവണതയുള്ള ആത്മീയ മണ്ഡലത്തിൽ മാധ്യമങ്ങളും ആ വഴിക്കു തിരിയുക സ്വാഭാവികം. നേതാക്കളെ സൃഷ്ടിക്കുന്നതിനും ഇല്ലായ്മചെയ്യുന്നതിനു ശ്രമിക്കുന്നതും ക്രൈസ്തവ ധർമ്മമാണോ എന്ന് ചിന്തിക്കണം. സെക്യുലർ മാധ്യമങ്ങളെ അതേപടി പകർത്താൻ നാം തുനിയരുത്.

ക്രൈസ്തവ മാധ്യമങ്ങൾക്കു ആത്മീയമായ ചില ലക്ഷ്യങ്ങൾ ഉണ്ടായിരിക്കണം. ദൈവരാജ്യത്തിന്റെ വ്യാപനവും ദൈവജനത്തിന്റെ ആത്മീയാഭ്യുന്നതിയുമായിരിക്കണം അവയുടെ ലക്ഷ്യം. സഭയിൽ രാഷ്ട്രീയക്കാരെ വളർത്തുന്നതും, ആത്മീയരെ തളർത്തുന്നതും മാധ്യമങ്ങളുടെ ജോലിയാകരുത്. ആത്മീയനേതാക്കളെ കണ്ടെത്തേണ്ടതു സഭയുടെ ചുമതലയാണ്. അവരെ വളർത്തേണ്ടതു പരിശുദ്ധാത്മാവിന്റെ ദൗത്യമാണ്. ഇതിനു പകരം ഇല്ലാത്ത ഗുണഗണങ്ങൾ വാഴ്ത്തിപ്പാടി നേതാക്കളെ സൃഷ്ടിക്കുന്നതു സഭയുടെ വളർച്ചയ്ക്കല്ല, തളർച്ചയ്ക്കും നാശത്തിനും മാത്രമേ കാരണമാകൂ.

ക്രൈസ്തവ മാധ്യമങ്ങൾ വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും പ്രദർശനവേദിയാകരുത്. വ്യക്തികളെ ഉയർത്തുന്നതിനല്ല, കർത്താവിനെ പ്രദർശിപ്പിക്കുന്നതിനാണു മാധ്യമങ്ങൾ ശ്രമിക്കേണ്ടത്. അതാണു ക്രൈസ്തവ മാധ്യമങ്ങളുടെ കടമയും ഉത്തരവാദിത്വവും. അവ വിസ്മരിച്ചാൽ നമുക്കു അവസരം തന്ന ദൈവത്തോടു നാം കണക്കു ബോധിപ്പിക്കേണ്ടിവരും.

സർഗവാസനയുള്ള യുവതലമുറയെ കണ്ടെത്തുന്നതിനുള്ള ഉത്തരവാദിത്വംകൂടെ ക്രൈസ്തവപ്രസിദ്ധീകരണങ്ങൾക്കുണ്ട്. ദിശാബോധത്തോടെ അവരെ വളർത്തിയെടുത്തില്ലെങ്കിൽ കഴിവുകൾ നാശോന്മുഖമായി തിരിയും. ദൈവരാജ്യത്തിന്റെ വക്താക്കളെ വളർത്തുവാൻകൂടെ ക്രിസ്തീയ മാധ്യമങ്ങൾക്കു കഴിയട്ടെ.

# ലോകം ഒരു നാഥനില്ലാക്കളരി



**സുവി. പി. ഐ. എബ്രഹാം**

*ഭം*ഗിവാക്കുകൾ പറയുന്നരീതി മനുഷ്യർക്കുള്ളതാണ്. പ്രത്യേകിച്ച്, പാശ്ചാത്യ സംസ്കാരത്തിൽ എങ്ങനെയുണ്ട് എന്നു ചോദിച്ചാൽ, നന്നായിരിക്കുന്നു (fine)എന്നാണു പ്രതിവചനം. അതേസമയം ഒരു സമാധാനവുമില്ലാതെ തകർന്നുതരിപ്പണമായിക്കിടക്കുന്ന അനുഭവമായിരിക്കും. സത്യത്തിന്റെ മുഖത്തു വ്യാജത്തിന്റെ മൂടുപടം ഇട്ടുകൊണ്ടു ഒരു കപട സംസ്കാരത്തിലൂടെയാണു മനുഷ്യവർഗത്തിന്റെ നീക്കം. എന്നാൽ, തകർച്ച സമ്മതിച്ച് നന്നാകുവാനുള്ള ഒരേയൊരു മാർഗം നമ്മുടെ മുമ്പിൽ ഉണ്ട്. അതു താഴെ കുറിക്കാൻ ഞാൻ ശ്രമിക്കട്ടെ.

ഇന്നു മതം, രാഷ്ട്രം, ശാസ്ത്രം എന്നുവേണ്ട മനുഷ്യർ അധ്വാനിക്കുന്ന സകലമേഖലകളിലും തകർച്ചയാണ്. ഒരു പുരോഗതിയുമില്ല, അടിക്കടി പരാജയമാണ്. എന്നാൽ, അതു സമ്മതിക്കാൻ ദുരഭിമാനം സമ്മതിക്കാത്തതുകൊണ്ടു മൂടുപടം അണിഞ്ഞ് നാമൊക്കെ നടക്കുകയാണ്. ജ്യേഷ്ഠന്റെ ഉടുപ്പണിഞ്ഞ് കണ്ണുകാണാത്ത അപ്പനെ കബളിപ്പിച്ച് അനുഗ്രഹം പ്രാപിക്കാൻപോയ യാക്കോബിനെ നമുക്കറിയാം. അടവുകൾമാത്രം പയറ്റി അഭിവൃദ്ധി നേടാൻ അവൻ ശ്രമിച്ചു. ഒടുവിൽ ഏശാവിന്റെ മുമ്പിൽ ചെന്നുപെട്ടു. ഗത്യന്തരമില്ലാതെ അവൻ ദൈവസന്നിധിയിൽ നിലവിളിച്ചു. നാനൂറു കിങ്കരന്മാരുമായി എതിരെ വന്ന ഏശാവ് ഒരു ദോഷവും ചെയ്യാതെ നല്ല വാക്കുകൾ പറഞ്ഞ് കടന്നുപോയി. അതു നമുക്കെല്ലാവർക്കും ഒരു ഓർമക്കുറിപ്പായിരിക്കട്ടെ. ബൈബിളിൽ എത്ര ദൃഷ്ടാന്തങ്ങൾ വേണമെങ്കിലും എടുക്കാനുണ്ട്. അടിമത്തം അനുഭവിക്കുന്ന സ്വന്തജനത്തെ രക്ഷിക്കാൻ തന്റെ കായികശക്തി ഉപയോഗിച്ചു മോശെ ഒരു ശ്രമം നടത്തി. ഒരു മിസ്രയീമ്യനെ അടിച്ചുകൊന്നു. അപ്പോഴേക്കും വിവരം ഫറവോനറിഞ്ഞു. 40 വർഷം കഴിഞ്ഞാണു ഓടിപ്പോയ മോശെ തിരിച്ചുവന്നത്; അതാകട്ടെ, ദൈവശക്തിയും അധികാരവും പ്രാപിച്ച്. ആ വരവിൽ അവൻ ആരെയും തല്ലിക്കൊന്നില്ല. മറിച്ച്, ദൈവശക്തി അവനുവേണ്ടി പ്രവർത്തിച്ചു. മന്ത്രവാദികളും തന്നെ എതിർത്ത ഫറവോനടക്കം സകല ശത്രുക്കളും താളടിയായി. മോശെ ജനത്തെയും കൂട്ടി മിസ്രയീം വിട്ടു.

ഈ തകർന്ന ലോകത്തെ രക്ഷിപ്പാൻ പല പദ്ധതികൾ ഇല്ല. ആദ്യമായി ചരിത്രം പഠിക്കണം. വീണവനെ എഴുന്നേൽപ്പിക്കാൻ ശ്രമിക്കുമ്പോൾ വീഴ്ച നിർവചിക്കണമെന്നു ന്യായശാസ്ത്രത്തിലുണ്ട്. മനുഷ്യവർഗത്തിനു എന്തു സംഭവിച്ചു? അതുമിതും പറയാതെ നേരായി വിഷയം പഠിക്കണം. പുരാണകഥകളും സങ്കൽപ്പങ്ങളും വലിച്ചെറിയണം. മനുഷ്യന്റെ ഉൽപത്തി മുതൽ അറിയാൻ ശ്രമിക്കണം. അതിനു സഹായിക്കുന്ന ഒരേയൊരു മാർഗം ഉൽപത്തി മുതൽ നീളുന്ന വിശുദ്ധവേദപുസ്തകമാണ്. അതിലെ ചരിത്രവും ഭൂമിശാസ്ത്രവും ശരിയാണ്. ശാസ്ത്രത്തിനും അതിനെ തോൽപ്പിക്കാൻ സാധ്യമല്ല. അതു സത്യദൈവത്തിന്റെ സത്യവചനമാണ്. ഏദൻ പറുദീസയിൽ ദൈവം സൃഷ്ടിച്ച് കല്പനകൾ നൽകി പാർപ്പിച്ച മനുഷ്യൻ പിശാചിന്റെ പ്രബോധനത്തിൽ വഴങ്ങി വഴിതെറ്റിയ കഥയാണു ഉൽപത്തി പുസ്തകത്തിൽ. അവിടെ മുതൽ മനുഷ്യവർഗം അധോഗതിയിലായി. ദൈവസംസർഗം നഷ്ടമായി. തേജസ്സ് വിട്ടുപോയി. ഭയം, സംശയം തുടങ്ങിയ അധമ വിചാരങ്ങൾ മനുഷ്യനെ ഭരിച്ചു. ആദാമിന്റെ കൺമുമ്പിൽ ജ്യേഷ്ഠൻ അനുജനെ കൊന്നു. കൊലപാതകൻ ദൈവസന്നിധിവിട്ട് ഓടിപ്പോയി. അതു ദൈവത്തിൽനിന്നുള്ള മനുഷ്യവർഗത്തിന്റെ ഓടിപ്പോക്കായിരുന്നു. ആ അലച്ചിൽ ഇന്നുവരെ തുടരുന്നു.

ആദാമ്യവർഗം ദൈവത്തെ വിട്ടുപോയെങ്കിലും വിവാഹം, ഗൃഹനിർമാണം, കൃഷി, മറ്റു കണ്ടുപിടുത്തങ്ങൾ ഈ നിലകളിലെല്ലാം

8

**ആരെകൊണ്ടും ലോകം നന്നാക്കാൻ കഴികയില്ല. മഞ്ഞുകട്ടയിൽ അടിത്തട്ടുപോയ ഒരു റ്റൈറ്റാനിക്കാണ് ലോകം. കൂട്ടനിലവിളി മാത്രമാണു ഇവിടെ ബാക്കി.**

# ദൈവിക വിടുതലുകൾ

തിരുവചനധാര

**പാസ്റ്റർ റ്റി.വി. തങ്കച്ചൻ**



*വി*ടുതൽ എന്ന പദപ്രയോഗം ദൈവമക്കളുടെയിടയിൽ സാധാരണയായിരിക്കുന്നു. എല്ലാവർക്കും വിടുതൽ ആവശ്യമാണ്. അതിനാൽ വിടുതൽ ശുശ്രൂഷകൾ ധാരാളമായി നടക്കുന്നു. വിടുതൽ ശുശ്രൂഷകരുടെ എണ്ണം വർധിക്കുന്നു. പക്ഷേ, ദൈവം മനുഷ്യർക്കു ഒരുക്കിയ വിലപ്പെട്ട വിടുതലുകൾ ജനം പ്രാപിക്കാതെ താൽക്കാലിക വിടുതലുകളിൽ തൃപ്തരായിക്കഴിയുന്നു. ദൈവം വിടുവിക്കുന്നവനാണ്. ഏതു പ്രശ്നങ്ങളായിരുന്നാലും വ്യവസ്ഥപ്രകാരം അടുത്തുചെല്ലുന്നവരെ അവിടുന്നു വിടുവിക്കുകതന്നെ ചെയ്യും. എന്നാൽ, ചില താൽക്കാലികമായവ മാത്രം ആഗ്രഹിക്കാതെ, ശാശ്വതമായ വിടുതൽ പ്രാപിക്കാൻ ദൈവജനത്തിനു ഇടയാകണം.

കൊലോസ്യർ 1:18 ൽ ഇപ്രകാരം വായിക്കുന്നു: "നമ്മെ ഇരുട്ടിന്റെ അധികാരത്തിൽനിന്നു വിടുവിച്ച് തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കിവച്ചു". ദൈവം ആഗ്രഹിക്കുന്ന ചില വിടുതലുകളിൽ ഒന്ന് ഞെരുക്കങ്ങളിൽ നിന്നുള്ളതാണ് (സങ്കീ.107:6). യിസ്രായേൽജനം തങ്ങളുടെ കഷ്ടതയിൽ യഹോവയോടു നിലവിളിച്ചപ്പോൾ അവൻ അവരെ അവരുടെ ഞെരുക്കങ്ങളിൽനിന്നു വിടുവിച്ചു. ദൈവമക്കൾക്കു വിവിധതരം ഞെരുക്കം ഉണ്ടാകും. സാമ്പത്തിക ഞെരുക്കം അവയിലൊന്നാണ്.

ജീവിതം മുന്നോട്ടു പോകുന്നതിൽ സാമ്പത്തിക ബുദ്ധിമുട്ട്, കടഭാരം, എന്നിവ അനുഭവപ്പെടുന്നവർക്കു 2. രാജാ 4:1-7 വരെയുള്ള ഭാഗത്തു പറയുന്ന പ്രവാചകശിഷ്യന്റെ ഭാര്യയുടെ സാമ്പത്തിക കടഭാരം പരിഹരിച്ച എലീശയെപ്പോലെ യേശുക്രിസ്തുവും സാമ്പത്തിക ഞെരുക്കത്തിൽനിന്നു വിടുതൽ നൽകുന്നവനാണ്. അതുപോലെ പാർക്കുന്ന ഭവനം ഞെരുക്കമായിരുന്നാൽ 2 രാജാ 6:11ൽ പറയുന്നപ്രകാരം വിശാലമായ ഭവനം നൽകാൻ ദൈവം മതിയായവനാണ്. ശത്രുക്കൾ നിമിത്തം ഞെരുക്കം അനുഭവിക്കുന്നവർ വിടുതലിനായി സംഖ്യ10:9ൽ പറയുന്ന പ്രകാരം ഗംഭീരധ്വനിയായി ആരാധനയുടെയും പ്രാർഥനയുടെയും കാഹളം ഊതുക. വിടുതൽ സംഭവിക്കും.

രണ്ടാമതായി ചില കുഴികളിൽനിന്നു വിടുവിക്കപ്പെടുകയാണു ചിലരുടെ ആവശ്യം. സങ്കീർത്തനം 107:20ൽ കാണുന്നപ്രകാരം യിസ്രായേൽമക്കൾ നിലവിളിച്ചപ്പോൾ യഹോവ അവരെ അവരുടെ കുഴികളിൽനിന്നു വിടുവിച്ചു. സങ്കീ.40:1 ൽ പറയുന്ന പ്രകാരം ആപത്തിന്റെയും രോഗത്തിന്റെയും കഷ്ടത്തിന്റെയും നാശകരമായ കുഴികളിൽനിന്നു വിടുവിക്കുന്നവനാണു നമ്മുടെ ദൈവം. സങ്കീർത്തനം 7:15ൽ കാണുന്ന വിധം ചിലപ്പോൾ ചില ചതിക്കുഴികൾ ദൈവമക്കൾക്കുവേണ്ടി കുഴിക്കുന്നവരുണ്ട്. എന്നാൽ, ദൈവത്തിൽ ആശ്രയിക്കുന്നവരെ അവൻ ചതിക്കുഴികളിൽ നിന്നു വിടുവിക്കുകയും കുഴിക്കുന്നവരെ അതിൽ വീഴ്ത്തുകയും ചെയ്യുന്നു.

ചിലപ്പോൾ സങ്കീ. 30:39 വാക്യത്തിൽ കാണുന്ന പ്രകാരം ശവക്കുഴിയിലേക്കു ഇറങ്ങുമോ എന്ന ഭീതിയിൽ കഴിയുന്നവരെയും ദൈവം വിടുവിക്കുന്നവനാണ്. ദാനിയേലിനെ സിംഹക്കുഴിയിൽനിന്നും യോസേഫിനെ പൊട്ടക്കിണറ്റിൽനിന്നും വിടുവിച്ച ദൈവം നമ്മെയും വിടുവിക്കുന്നവനാണ്.

എന്നാൽ, ഒരു കാര്യം നാം മറക്കരുത്. ഇവ്വിധ വിടുതലുകൾ എല്ലാം നമുക്കു ആവശ്യമാണെങ്കിലും എന്നും ശവക്കുഴി കാണാതെ ജീവിച്ചിരിക്കാനോകഷ്ടതയും ക്ലേശവും ഒഴിഞ്ഞിരിക്കാനോ ഭൂമിയിൽ സാധ്യമല്ല. ആയതിനാൽ ദൈവം മനുഷ്യർക്കു ഒരുക്കിയിട്ടുള്ള ശ്വാശ്വതവും ശ്രേഷ്ടവുമായ ചില വിടുതലുകളാണു നാം പ്രാപിച്ചെടുക്കേണ്ടത്. അതിനു ഒന്നാമതായി കൊലോസ്യർ1:18ൽ പറയുന്ന പ്രകാരംഇരുട്ടിന്റെ അധികാരത്തിൽനിന്നുള്ള വിടുതൽ പ്രാപിക്കണം. ഇരുട്ടിന്റെ അധികാരം എന്നാൽ പാപത്തിന്റെ പിശാചിന്റെ, നിത്യമായ മരണത്തിന്റെ, അഥവാ നരകത്തിന്റെ അധികാരത്തിൽനിന്നുള്ള വിടുതലാണ്. രണ്ടാമതായി 1. തെസ്സ.1:9ൽ വായിക്കുന്ന പ്രകാരം വരുവാനുള്ള കോപത്തിൽനിന്നുള്ള വിടുതലാണ്. വരുവാനുള്ള കോപത്തെക്കുറിച്ചു യെശ്ശയ്യാപ്രവാചകൻ 2:19-21 വരെയുള്ള വാക്യങ്ങളിലും മലാഖി പ്രവാചകൻ 4:1-3 വരെയുള്ള വാക്യങ്ങളിലും, യോഹന്നാൻ സ്നാപകൻ മത്തായി 3:5-10 വരെയുള്ള വാക്യങ്ങളിലും പൗലൊസ് 1 തെസ്സ. 1:6-10 വരെയുള്ള വാക്യങ്ങളിലും പത്രൊസ് 2 പത്രൊസ് 3: 10-13 വരെയുള്ള വാക്യങ്ങളിലും യോഹന്നാൻ വെളിപ്പാടു 6:12-17 വരെയുള്ള വാക്യങ്ങളിലും പറഞ്ഞിരിക്കുന്നതു വായിച്ചു ഗ്രഹിക്കുക. ഒരു വലിയ കോപദിവസത്തെക്കുറിച്ച്, ദൈവത്തിന്റെ പ്രതികാരദിവസത്തെക്കുറിച്ച്, പറഞ്ഞിരിക്കുന്നു. അതിൽനിന്നു ഒരു വിടുതൽ വേണമെന്നു ജനം ചിന്തിക്കുന്നു. മുല്ലപ്പെരിയാർ അണക്കെട്ടു തകർന്നാൽ ഉണ്ടാകാവുന്ന വിനാശത്തെക്കാൾ ഭീകരമായ സംഭവമായിരിക്കും അത്. യേശുക്രിസ്തുവിനു മാത്രമെ അതിൽനിന്നു വിടുവിപ്പാൻ കഴികയുള്ളൂ. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ മാനസാന്തരപ്പെട്ട്, ജീവപുസ്തകത്തിൽ പേരെഴുതപ്പെടുകയും വിശുദ്ധജീവിതവും ഭക്തിയും ഉള്ളവരായി യേശുക്രിസ്തുവിന്റെ വരവിനായി കാത്തിരിക്കുകയും ചെയ്യുന്നവർ ഈ കോപത്തിൽനിന്നു വിടുതൽ പ്രാപിക്കാവുന്നതാണ്. ആകയാൽ രോഗമോ, ദുഖമോ, കടമോ, ഞെരുക്കമോ മാറുന്നതിനുള്ള വിടുതൽ ശുശ്രൂഷയെക്കാൾ പാപമോചനവും നിത്യജീവനും പ്രാപിക്കാനുള്ള വിടുതൽ ശുശ്രൂഷയ്ക്കായി ഒരുങ്ങാം.

*(ഡിസംബർ 4നു ചങ്ങനാശ്ശേരി ഡിവൈൻ സെന്ററിൽ ചെയ്ത പ്രസംഗം).*



# ക്രിസ്മസിന്റെ കാലിക പ്രസക്തി

**ഷിബു ജോസഫ്**

ജാതിമതഭേതമെന്യേ ലോകമെങ്ങും ആഘോഷിക്കുന്ന ഒന്നാണു യേശുക്രിസ്തുവിന്റെ ജനനം. ക്രിസ്തുവിനെ നിഷേധിക്കുന്നവർപോലും തന്റെ തിരുജനനത്തെ അഗീകരിക്കുന്നു. യേശുക്രിസ്തുവിന്റെ ജനനം ഒരു കെട്ടുകഥയോ സങ്കൽപ്പമോ അല്ല, ചരിത്രത്തിൽ സംഭവിച്ച ഒരു യാഥാർഥ്യമാണ്. ക്രിസ്തു ജീവിക്കുന്നില്ല എന്നു വാദിക്കുന്നവർപോലും ചരിത്രത്തെളിവുകൾക്കു മുമ്പിൽ പരാജിതരാകുന്നു. ക്രിസ്തുവിന്റെ ജനനം ലോകചരിത്രത്തിലെ ഒരു നാഴികക്കല്ലായി പരിണമിച്ചു എന്നതാണു സത്യം.

യേശുക്രിസ്തുവിന്റെ ജനനം പ്രവചനങ്ങളുടെ നിവർത്തിയായിരുന്നു. അതു കന്യകാജനനമായിരിക്കുമെന്നു യെശയ്യാവും (7:14), ബേത്ലഹേമിൽ സംഭവിക്കുമെന്നു മീഖായും (5:2) പ്രവചിച്ചിരുന്നു. ബേത്ലഹേമിൽ യോസഫ്-മറിയ ദമ്പതികളുടെ മകനായി ജനിച്ചതോടെ ആ പ്രവചനങ്ങൾക്കു നിവർത്തിയായി. ക്രിസ്തുവിന്റെ ജനനം പരിശുദ്ധാത്മാവിനാൽ ആയിരുന്നു. യോസേഫിനു വിവാഹം നിശ്ചയിച്ചിരുന്ന മറിയയുടെ അടുക്കൽ ദൂതൻ പ്രത്യക്ഷപ്പെട്ട് 'നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും. അവനു യേശു എന്നു പേർവിളിക്കണം' എന്നു പറഞ്ഞു. ഞാൻ പുരുഷനെ അറിയായ്കയാൽ ഇതു എങ്ങനെ സംഭവിക്കും എന്ന ചോദ്യത്തിനു " പരിശുദ്ധാത്മാവു നിന്റെമേൽ വരും; ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും" എന്നു ദൂതൻ മറുപടി നൽകി.

അക്കാലത്തു ലോകമെങ്ങും പേർവഴി ചാർത്തേണമെന്നു ഔഗുസ്തോസ് കൈസറുടെ ഒരു ആജ്ഞ പുറപ്പെട്ടു. എല്ലാവരും ചാർത്തപ്പെടേണ്ടതിനു താന്താന്റെ പട്ടണത്തിലേക്കു യാത്രയായി. അങ്ങനെ യോസേഫ് തനിക്കു വിവാഹനിശ്ചയം ചെയ്തിരുന്ന മറിയയുമായി നസറേത്ത്പട്ടണം വിട്ട് ബേത്ലഹേമിലേക്കു പോയി. ആ സന്ദർഭത്തിലാണു യേശുക്രിസ്തുവിന്റെ ജനനം നടക്കുന്നത്. അന്നു ആടുകളുമായി വെളിയിൽ പാർത്തിരുന്ന ഇടയന്മാർക്കു ഒരു ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് "കർത്താവായ യേശുക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു" എന്നു പറഞ്ഞു.

യേശുക്രിസ്തുവിന്റെ ജനനം ഒരു യാഥാർഥ്യമായിരിക്കുമ്പോൾതന്നെ പല അഭിപ്രായ വ്യത്യാസങ്ങൾ ഇതു സംബന്ധിച്ചു നിലവിലുണ്ട്. ക്രിസ്തു ജനിച്ച സ്ഥലം കൃത്യമായി തെളിയിക്കാനുള്ളവ വേദപുസ്തകത്തിലില്ല. ഓറിഗൺ, ജസ്റ്റിൻ മാർട്ടിൻ എന്നിവരുടെ അഭിപ്രായത്തിൽ മറിയ പ്രസവിച്ചതു വഴിയമ്പലത്തോടു ചേർന്ന ഒരു ഷെഡിലോ അതിനു സമീപമുള്ള ഏതെങ്കിലും ഗുഹയിലോ ആണ്. അക്കാലത്തെ വഴിയമ്പലങ്ങൾ നാലുവശത്തും മുറികളുള്ളതും നടുവിൽ മുറ്റമുള്ളതുമായ കെട്ടിടമായിരുന്നു എന്നു പറയപ്പെടുന്നു. ഇതിനു രണ്ടു നിലകളുണ്ടായിരിക്കും. മുകളിലുള്ള നിലയിൽ യാത്രക്കാർ വിശ്രമിക്കും. താഴെ മൃഗങ്ങളെ കെട്ടും. കൂടാതെ അവരുടെ സാമാനങ്ങൾ സൂക്ഷിക്കുന്നതും സത്രക്കാരനും സാമാനങ്ങളുടെ സൂക്ഷിപ്പുകാരനും വിശ്രമിക്കുന്നതും ഇവിടെത്തന്നെ. യേശു ജനിച്ചതു ഇവിടെത്തന്നെയോ എന്നു വ്യക്തമല്ല. "അവൾ ആദ്യജാതനെ പ്രസവിച്ചു. ശീലകൾ ചുറ്റി വഴിയമ്പലത്തിൽ സ്ഥലമില്ലായ്കയാൽ പശുത്തൊട്ടിയിൽ കിടത്തി (ലൂക്കൊസ് 2:7) എന്നു മാത്രമേ കാണുന്നുള്ളൂ.

ഹെരോദാവിന്റെ ഭരണകാലത്തായിരുന്നു ക്രിസ്തു ജനിച്ചത്. ബി. സി. 47ലാണു ഹെരോദാവ് ഗവർണറായി നിയമിക്കപ്പെട്ടത്, മരണം ബി. സി.നാലിലും. യേശു ജനിച്ചശേഷം കിഴക്കുനിന്നു എത്തിയ വിദ്വാൻമാർ തന്നെ കബളിപ്പിച്ചെന്നു മനസിലാക്കിയ ഹേരോദാവ് യേശു ജനിച്ച സമയം ചോദിച്ചറിഞ്ഞതനുസരിച്ച് രണ്ടുവയസ്സുവരെയുള്ള ശിശുക്കളെ വധിക്കാൻ കല്പിച്ചു (മത്തായി 2:16). ഇക്കാരണത്താൽ ബി. സി. ആറിനോടടുത്ത് താൻ ജനിച്ചു എന്നു കരുതാം. (ബി.സി. നാലിലാണു ക്രിസ്തു ജനിച്ചതെന്നു ചിലർ കരുതുന്നു). അതു ഡിസംബർ മാസമായിരുന്നു എന്നു തെളിവില്ല. അങ്ങനെ ആകാതിരിക്കാനുള്ള തെളിവുകളാണ് ഉള്ളത്.

നാലാം നൂറ്റാണ്ടിന്റെ ആരംഭം മുതലാണു ക്രിസ്മസ് ആഘോഷിച്ചു തുടങ്ങിയത്. കോൺസ്റ്റെന്റയിൻ ചക്രവർത്തിയുടെ ഭരണകാലത്തു അതു സംബന്ധിച്ച് ഒരു അന്വേഷണം നടത്തുകയും ഡിസംബർ 25 എന്ന തീരുമാനത്തിൽ എത്തുകയും ചെയ്തു. സൂര്യൻ അന്ധകാരത്തെ കീഴ്പ്പെടുത്തിയതിന്റെ ഓർമയ്ക്കായി റോമാക്കാർ സാറ്റർനേലിയസ് എന്ന ഉത്സവം കൊണ്ടാടിയിരുന്നു. ഇതു 'നീതി സൂര്യനായ' യേശുവിന്റെ ജനനവുമായി അവർ ബന്ധിപ്പിച്ചു. ലെൻസ്ക്രി അഭിപ്രായപ്പെട്ടതുപോലെ "ഡിസംബർ 25 പാരമ്പര്യമനുസരിച്ചുള്ളതീയതി മാത്രമാണ്, വേദാധാരമില്ല" എന്നു മാത്രമേ നമുക്കും പറയാനാവൂ.

> നാലാം നൂറ്റാണ്ടിന്റെ ആരംഭം മുതലാണു ക്രിസ്മസ് ആഘോഷിച്ചു തുടങ്ങിയത്. കോൺസ്റ്റെന്റയിൻ ചക്രവർത്തിയുടെ ഭരണകാലത്തു അതു സംബന്ധിച്ച് ഒരു അന്വേഷണം നടത്തുകയും ഡിസംബർ 25 എന്ന തീരുമാനത്തിൽ എത്തുകയും ചെയ്തു.

ഗ്രിഗോറിയൻ കലണ്ടർ അനുസരിച്ച് ഡിസംബർ 25നു ക്രിസ്തുവിന്റെ ജനനം ആചരിക്കുന്നവരാണു റോമൻ കത്തോലിക്കർ, ആഗ്ലിക്കൻ, ലൂഥറൻ, മെതഡിസ്റ്റ്, പ്രസ്ബിറ്റേറിയൻ, സാൽവേഷൻ ആർമി, ഇന്ത്യയിലെ യാക്കോബായാ ഓർത്തഡോക്സ് സഭകൾ, മാർത്തോമാ, സി. എസ്. ഐ., സി. എൻ. ഐ. എന്നിവർ. എന്നാൽ, ജൂലിയൻ കലണ്ടർ പ്രകാരം ജനുവരി ഏഴിനു ക്രിസ്മസ് ആചരിക്കുന്നവരാണു റഷ്യൻ ഓർത്തഡോക്സ് സഭ, ഗ്രീക്ക് ഓർത്തഡോക്സ് സഭയിലെ ഒരു വിഭാഗം, അർമേനിയൻ സഭ, നെത്സോറിയൻ സഭ, കോപ്റ്റിക് സഭ, യുക്രേനിയൻ സഭ, ബെർബിയൻ ഓർത്തഡോക്സ് സഭ, എത്യോപ്യൻ സഭ, കത്തോലിക്ക സഭയുടെ പൗരസ്ത്യ റീത്തുകളിലെ യുക്രേനിയൻ കത്തോലിക്കാ സഭ, ഇന്ത്യൻ പൗരസ്ത്യകൽദായ സുറിയാനി സഭയിലെ ഡോ. മാർ അപ്രേം മെത്രാപ്പൊലീത്തയുടെയും ബിഷപ്പ് ഡോ. പൗലൊസ് മാർ പൗലൊസിന്റെയും കീഴിലുള്ള വിഭാഗം എന്നിവർ. അലക്സന്ത്രിയയിലെ വിശുദ്ധ ക്ലെമന്റ് ക്രിസ്തു ജനിച്ചത് മെയ് 20-നാണെന്നു അഭിപ്രായപ്പെടുന്നു.

യേശുക്രിസ്തു ജനിച്ച സ്ഥലം, തീയതി എന്നിവ സംബന്ധിച്ച് ഇവ്വിധമുള്ള അഭിപ്രായങ്ങൾ നിലവിലുണ്ടെങ്കിലും അവിടുത്തെ ജനനം സമൂഹത്തിൽ വളരെ പ്രാധാന്യത്തോടെയാണു ജനങ്ങൾ ആഘോഷിക്കുന്നത്. യേശുക്രിസ്തുവിന്റെ ജനനംപോലെ ലോകമാകമാനം ആഘോഷിക്കപ്പെടുന്ന ആഘോഷം മറ്റൊന്നുമില്ല.

ക്രിസ്മസിനെ സംബന്ധിച്ചുള്ള വാദഗതികളെക്കാൾ അതു നൽകുന്ന സന്ദേശമാണു പ്രസക്തമായിട്ടുള്ളത്. പെന്തെക്കോസ്തു സമൂഹത്തെ സംബന്ധിച്ച് ക്രിസ്തുവിന്റെ ജനനം ഒരു ആഘോഷമാക്കുന്നതിലുപരി ജീവിതാനുഭവമാക്കി മാറ്റുന്നതിലാണു പ്രാധാന്യമുള്ളത്. ഇക്കാരണത്താൽതന്നെ വർഷംതോറുമുള്ള ആഘോഷങ്ങൾ പ്രസക്തമല്ലാതായിത്തീരുന്നു. ക്രിസ്തുവിന്റെ ജനനം ഒരിക്കലായി നടന്നുകഴിഞ്ഞു. ഇനിയതു ആവർത്തിക്കുകയില്ല, ആവർത്തിക്കേണ്ടതുമില്ല. ക്രിസ്തു എന്തിനാണു ലോകത്തിൽ മനുഷ്യനായി അവതരിച്ചു എന്ന തിരിച്ചറിവാണ് ഉണ്ടാകേണ്ടത്.

ഇന്നു ക്രിസ്മസ്, അതു നൽകുന്ന സന്ദേശത്തിൽനിന്നു ബഹുദൂരം മാറിയാണു സഞ്ചരിക്കുന്നത്. ഏതു പ്രധാന ദിവസങ്ങളും എന്നതുപോലെ ക്രിസ്മസ് ആഘോഷമാക്കി മാറ്റുന്നത് ബിസിനസ് ലോബികളാണ്. അവരെ സംബന്ധിച്ച് മറ്റു ദിവസങ്ങളെക്കാൾ ബിസിനസ് കൂടുതൽ നടക്കാനുള്ള ഒരു സീസനാണിത്. ഏതാഘോഷവുംപോലെതന്നെ ക്രിസ്മസും മദ്യവിൽപ്പനയ്ക്കുള്ള 'സുവർണാവസര'മായി മാറുന്നു. ഇതിനിടയിൽ ക്രിസ്തുവിന് എന്തു പ്രസക്തി?

ക്രിസ്ത്യാനികൾ എന്നു അവകാശപ്പെടുന്നവർ ക്രിസ്തുവിന്റെ വചനത്തിൽനിന്നു വ്യതിചലിക്കുന്ന കാഴ്ച ദുഃഖകരമാണ്. ക്രിസ്തു മറ്റുള്ളവർക്കുവേണ്ടിയാണു മനുഷ്യനായി പിറന്നത്. എന്നാൽ, ക്രിസ്ത്യാനികൾ എന്നഭിമാനിക്കുന്ന നാം നമുക്കുവേണ്ടി മാത്രം ജീവിക്കുന്നവരായിരിക്കുന്നു. ക്രിസ്തുവിനെ ജീവിതത്തിൽ ഉൾക്കൊണ്ടവർ തന്റെ വചനത്തോടു വിശ്വസ്തത പുലർത്താൻ ബാധ്യസ്ഥരാണ്. സ്വാർഥതയും വിദ്വേഷങ്ങളും വിഭാഗീയചിന്തകളും ക്രിസ്തുവിന്റെ പ്രബോധനങ്ങൾക്കു വിരുദ്ധമാണ്. എല്ലാവരെയും ഒന്നായി കാണാനുള്ള മനോഭാവം ക്രിസ്ത്യാനികൾക്കുണ്ടാവണം. വർഗത്തിന്റെയും നിറത്തിന്റെയും സാമ്പത്തിക ഏറ്റുമുട്ടലുകളുടെയും പേരിൽ മറ്റുള്ളവരെ തിരസ്കരിക്കരുത്.

മൂല്യശോഷണം ക്രിസ്ത്യാനിത്വത്തിന്റെ അപചയമായി മാറിക്കൊണ്ടിരിക്കുകയാണ്. വിശ്വസിക്കുന്ന കാര്യങ്ങളോടു നീതി പുലർത്തുന്നതിൽ സംഭവിക്കുന്ന പരാജയം എവിടെയും ദൃശ്യമാണ്. ക്രിസ്ത്യാനിത്വം വെറും ആദർശമായി മാത്രം മാറികൊണ്ടിരിക്കുന്നു. വിശ്വാസത്തിനും ആദർശങ്ങൾക്കും വിലകൊടുത്തുകൊണ്ടു ജീവിക്കുന്ന വലിയൊരു കൂട്ടം ഉണ്ട് എന്ന വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല. കേരളക്കരയിൽ പെന്തെക്കോസ്തു വിശ്വാസത്തിനുവേണ്ടി ആദ്യകാലങ്ങളിൽ ഇറങ്ങിത്തിരിച്ചവർ ആയതിനു വേണ്ടി വലിയ വില കൊടുത്തു. ജീവിതത്തിൽ വിലയേറിയതായി കരുതിയ പലതിനും മാറ്റം വന്നു. ആദിമ തലമുറയ്ക്ക് വിശ്വാസം അനുഭവമായിരുന്നെങ്കിൽ അടുത്ത തലമുറയ്ക്ക് അതു അനുകരണവും അതിനു ശേഷമുള്ള തലമുറയ്ക്ക് അതു അഭിനയവുമായി.

ലോകത്തിന്റെ അംഗീകാരത്തിനും ധനസമ്പാദനത്തിനും വേണ്ടി ക്രൈസ്തവ മൂല്യങ്ങൾ ബലികഴിക്കപ്പെടുന്നത് ഇന്നത്തെ കാഴ്ചയാണ്. ചിലപ്പോൾ വിശ്വാസത്തിനുവേണ്ടി നിൽക്കുന്നവർ വിമർശിക്കപ്പെടുകയും പരിഹസിക്കപ്പെടുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ സാക്ഷികളായി ജീവിക്കുന്നതിലൂടെയാണു ക്രിസ്ത്യാനിത്വം അന്വർഥമായിത്തീരുന്നത്. ക്രൈസ്തവികത വെല്ലുവിളികൾ നേരിടുന്ന ഇക്കാലത്ത്, ക്രിസ്തു സാക്ഷികളായി നിലകൊള്ളുവാൻ നാം ബാധ്യസ്ഥരാണ്. ക്രിസ്ത്യാനിത്വം കേവലമൊരു ആദർശമല്ല, ജീവിതാനുഭവമാണ്. ഇതു ലോകത്തിനു വെളിപ്പെടുത്തേണ്ടതു ജീവിതകാലം മുഴുവൻ തുടരുന്ന സാക്ഷ്യത്തിലൂടെയാണ്.. അതാണ് ഇന്നത്തെ ആവശ്യം.





# ക്രിസ്തു ഈ വർഷം കാലിത്തൊഴുത്തിലോ?

**റോജി ഇ. ശാമുവേൽ**

ക്രിസ്തുമസ് സന്തോഷത്തിന്റെ കാലമാണ്. ഈ സീസണിൽ മനുഷ്യന്റെ ശ്രദ്ധയാകർഷിക്കുന്ന ഒരിടമാണു കാലിത്തൊഴുത്ത്. ക്രിസ്മസിനു മാത്രമാണു കാലിത്തൊഴുത്ത് അൽപമെങ്കിലും മാനിക്കപ്പെടുന്നത്. യേശു പശുത്തൊട്ടിയിൽ കുറെനേരം കിടന്നു എന്ന കാരണത്താലാണു അതിനിത്രമാന്യത ലഭിച്ചത്. യേശു ദരിദ്ര കുടുംബത്തിലാണു ജനിച്ചതെങ്കിലും, അതു നിമിത്തമോ വീടില്ലാത്തതുകൊണ്ടോ അല്ല യേശുവിനു പശുത്തൊട്ടിയിൽ കിടക്കേണ്ടി വന്നത്. യാത്ര മധ്യേയുള്ള ജനനമായിരുന്നതുകൊണ്ടും വഴിയമ്പലത്തിൽ സ്ഥലം ഇല്ലാതിരുന്നതുകൊണ്ടുമാണ് ഇങ്ങനെ സംഭവിച്ചത്. അടുത്ത പ്രഭാതത്തിൽ തന്നെ യേശുവിനെ അവിടെ നിന്നു വീട്ടിൽ എത്തിച്ചിട്ടുണ്ടാകണം. മത്തായി സുവിശേഷകൻ വീട്ടിൽ കിടക്കുന്ന പൈതലിനെ ക്കുറിച്ചാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ, പശുത്തൊട്ടിയുടെ അനുഭവത്തിൽ നിന്നു മാറുവാൻ ആഗ്രഹിക്കുന്ന യേശുവിനെ രണ്ടായിരം വർഷത്തിനുശേഷവും അവിടെത്തന്നെ കിടത്തുന്നതിൽ നാം കാണിക്കുന്ന വ്യഗ്രത വളരെ വലുതാണ്. യേശുവിന്റെ പുൽത്തൊട്ടിയിലെ വേദന പെരുമ്പറകൊട്ടി ആഘോഷിക്കുകയാണു കിസ്ത്യാനികൾ.

യേശു ആരെന്ന് തിരിച്ചറിഞ്ഞിരുന്നെങ്കിൽ തീർച്ചയായും വഴിയമ്പലം എല്ലാവരും അവനുവേണ്ടി ഒഴിഞ്ഞുകൊടുക്കുമായിരുന്നു. തിരിച്ചറിവ് നഷ്ടപ്പെട്ട സമൂഹത്തിൽ മാത്രമാണ് യേശുവിന് ഇടം നഷ്ടപ്പെടുന്നതും കാലിത്തൊഴുത്ത് തിരഞ്ഞെടുക്കേണ്ടി വരുന്നതും. ഇന്നും യേശുവിന്റെ അവസ്ഥ ഇതു തന്നെയല്ലേ? അനേക ഹേരോദാവുമാർ കൊട്ടാരത്തിന്റെ സുഖശീതളിമയിൽ വാഴുമ്പോൾ അനേകർ വഴിയമ്പലത്തിലെ താൽക്കാലിക സൗകര്യത്തിൽ സുഖമായുറങ്ങുമ്പോൾ, ആരും അറിയാതെ എത്രയോ കുഞ്ഞുങ്ങൾ വഴിത്തലക്കൽ വിശന്നുപൊരിഞ്ഞ് തണുപ്പ് സഹിക്കാനാവാതെ ചുരുണ്ടുകൂടി കിടക്കുന്നു. നിസഹായരായ മാതാപിതാക്കൾ കുട്ടികളുടെ മുഖത്തു നോക്കി കണ്ണീർ പൊഴിക്കുന്നു. ആ കുഞ്ഞുങ്ങളിൽ യേശുവിനെ കാണാൻ ആർക്കെങ്കിലും കഴിയുന്നുണ്ടോ? ഉണ്ടെങ്കിൽ അവർക്കു ഒരു ഇടം നാം നൽകേണ്ടതല്ലയോ? നാളത്തെ വലിയ സുവിശേഷകന്മാർ, ആത്മീയ നേതാക്കന്മാർ തുടങ്ങിയവരെയൊക്കെ അവരിൽ നമുക്കു കാണാൻ കഴിയുന്നുണ്ടോ? എങ്കിൽ ഒരു അല്പം ഇടം അവർക്കും കൊടുത്തുകൂടേ?

പല കാരണങ്ങളാൽ സമൂഹത്തിൽ ഇടം നഷ്ടപ്പെട്ടവരുടെ വലിയ നിരതന്നെ ഇന്ന് കാണാൻ കഴിയും. മാതാപിതാക്കൾ നഷ്ടപ്പെട്ടതിനാൽ ഇടം നഷ്ടപ്പെട്ടവർ ഒരുഭാഗത്ത് (പല അനാഥശാലകളും കാലിത്തൊഴുത്തിനു തുല്യമാണ്. ചിലതു അറവുശാലകൾക്കും). കൂടാതെ ദാരിദ്ര്യം നിമിത്തവും, തൊഴിലില്ലായ്മ നിമിത്തവും, മക്കൾ ഉപേക്ഷിച്ചതിനാലും മറ്റും കാലിത്തൊഴുത്തിന്റെ അനുഭവത്തിലേക്കു ചേക്കേറിയവർ അനേകരാണ്. എന്തിനേറെ, പണവും സ്വാധീനവും ഇല്ലാത്ത കാരണത്താൽ പെന്തെക്കോസ്തു സഭകളിൽ ഇടംനഷ്ടപ്പെടുന്ന കഴിവും കൃപയുമുള്ള അനേക

> **ഈ ക്രിസ്മസ് സീസണിലെങ്കിലും ക്രിസ്തുവിനെ പശുത്തൊട്ടിയിൽ നിന്നു നമ്മുടെ ഹൃദയത്തിലേക്കു സ്വീകരിക്കാം. കാലിത്തൊഴുത്തുകൾ കാലിയാകട്ടെ.**

ആത്മീയശുശ്രൂഷകർ കാലിത്തൊഴുത്തനുഭവത്തിൽ വീർപ്പുമുട്ടുന്നതു വേദനാജനകമായ വസ്തുതയാണ്.

ക്രിസ്മസ് ഇല്ലെന്നും ക്രിസ്തു ഹൃദയത്തിലാണു ജനിക്കേണ്ടതെന്നും പറയുന്ന നാം ചിന്തിക്കുക. വഴിയരികിൽ ജനിച്ച യേശുവിനു ഹൃദയത്തിൽ ഇടം നൽകിയിട്ടുണ്ടോ? പലരും കാലിത്തൊഴുത്തിന്റെ അനുഭവത്തിൽ ആയിരിക്കുന്നവരെ സന്ദർശിച്ച് പത്രങ്ങളായ പത്രങ്ങളിലും ചാനലുകളിലും തങ്ങളുടെ സന്ദർശനത്തെക്കുറിച്ച് പെരുമ്പറകൊട്ടി മറ്റുള്ളവന്റെ വേദന ആദായവും ആഘോഷവുമാക്കി മാറ്റുന്ന ദയനീയ കാഴ്ചയാണ് ഇന്നു ക്രൈസ്തവലോകത്തിൽ പരക്കെ കാണുന്നത്. മറ്റുള്ളവന്റെ വേദന വിറ്റു കാശാക്കാതെ വേദനിക്കുന്നവനു ഹൃദയത്തിൽ ഇടം നൽകുക. അപ്പോൾ മാത്രമേ ക്രിസ്മസിന് അർഥം ഉണ്ടാകയുള്ളു.

ആർക്കും ഇടം കൊടുക്കാത്ത ഇടുങ്ങിയ മനസ്സിന്റെ ഉടമകളോ നാം. ഈ ക്രിസ്മസ് സീസണിലെങ്കിലും ക്രിസ്തുവിനെ പശുത്തൊട്ടിയിൽ നിന്നു നമ്മുടെ ഹൃദയത്തിലേക്കു സ്വീകരിക്കാം. കാലിത്തൊഴുത്തുകൾ കാലിയാകട്ടെ.

# നിശബ്ദയായി ഒരമ്മ

**ജെസ്സി ഷാജൻ**

ചോരക്കുഞ്ഞിനെ മാറോടടുക്കിയായിരുന്നു ആ അമ്മയുടെ ഓട്ടം. നിസ്സഹായതയും ഭീതിയും അവളുടെ മുഖത്തു നിഴലിച്ചിരുന്നു. 'മോനേ, നിനക്കുവേണ്ടി ഞാനിതിലപ്പുറം സഹിക്കാൻ ഒരുക്കമാണ്. കാരണം, നീ ഈ ലോകത്തിന്റെ രക്ഷകനാണ്. ഞങ്ങളുടെ ദുർബലമായ സാഹചര്യങ്ങൾമൂലം ഒരു പോറൽപോലും നിനക്കേറ്റുകൂടാ'. അത്യുന്നതനായ ദൈവത്തിനു വേണ്ടി ഒരു കുഞ്ഞിനെ വളർത്തിയെടുക്കുന്നതിന്റെ മുഴുവൻ ഉത്തരവാദിത്വവും വേദനയും അവൾ ചുമലിലേറ്റി. മറിയ പ്രസവിച്ചിട്ടു ദിവസങ്ങൾ ആകുന്നതേയുള്ളൂ. അതും കന്നിപ്രസവം. ശാരീരിക ക്ഷീണവും മനസ്സിനുള്ളിലെ ഭീതിയും മറിയയെ തളർത്തുമ്പോഴും ഈജിപ്തിൽ എങ്ങനെയും എത്തണമെന്നായിരുന്നു അവരുടെ ചിന്ത. ഈജിപ്തിലേക്കുള്ള രാത്രി പലായനത്തിൽ മറിയയിക്കു കൂട്ട് യോസേഫ് മാത്രം.

പാവം യോസേഫ് ' ഇതാ ഞാൻ കർത്താവിന്റെ ദാസി. നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ' എന്നു ഹൃദയം തൊട്ടു പറയുമ്പോൾ അവിടെ യോസേഫിനെയും താൻ അറിയാതെ പങ്കാളിയാക്കുകയായിരുന്നു എന്നു മറിയ ഒരിക്കലും കരുതിയിരുന്നില്ല. എന്നാൽ, സർവജ്ഞാനിയായ ദൈവം തന്റെ ഏകപുത്രനെ ഭൂമിയിലേക്കു അയയ്ക്കുമ്പോൾ അമ്മയെ മാത്രമല്ല, നീതിമാനായ ദൈവം യോസേഫിനെ അപ്പനായും മുൻകൂട്ടി കണ്ടിരുന്നു.

സ്വപ്നങ്ങളിലൂടെ ഇടപെട്ട് ആ ബന്ധത്തെ കൂടുതൽ ഹൃദ്യവും ദൃഢവുമാക്കി അപവാദങ്ങളെ പക്വതയോടെ നേരിടാൻ ആ മനസ്സിനെ പാകപ്പെടുത്തി. ഭീതിജനകമായ സാഹചര്യങ്ങളെ സമചിത്തതയോടെ തരണം ചെയ്യാൻ പ്രാപ്തനായി മാറി ഒടുവിൽ അയാൾ. വിവാഹനിശ്ചയം ചെയ്ത പെൺകുട്ടിയെ രഹസ്യമായി ഉപേക്ഷിക്കാൻ നിശബ്ദം തയ്യാറെടുത്ത തച്ചന്റെ നീതിബോധത്തിനു ദൈവം നൽകിയ മറുപടികൾ ചിന്തേരിട്ടവ. തടിയുടെ കുറവുകൾ തീർക്കുന്ന തച്ചനു മുമ്പിൽ വെളിപ്പെടുത്തപ്പെട്ടവയെല്ലാം കൃത്യമായ കണക്കുകൂട്ടലുകൾ.

അമ്മയാകുക എന്നതു ഏതൊരു സ്ത്രീയുടെയും സ്വപ്നമാണെങ്കിലും അപ്രതീക്ഷിതമായി അങ്ങനെ സംഭവിക്കുമ്പോൾ അവൾ പെട്ടെന്നു തയ്യാറെടുക്കേണ്ടി വന്നു. മറിയ അതുകൊണ്ടാവാം ധൃതിയിൽ എലീസബേത്തിനെ കാണാൻ പുറപ്പെട്ടത്. കൂടാതെ തനിക്കു സംഭവിപ്പാൻ പോകുന്നതു ഒന്നുകൂടി ഉറപ്പിക്കാനും ഈ കണ്ടുമുട്ടൽ സഹായിക്കും എന്നു അവർ കുരതിക്കാണണം. കാരണം, എലീസബേത്തിന്റെയും സമാന സാഹചര്യങ്ങൾ തന്നെ. മറിയയുടെ സംശയങ്ങൾക്കു ദൂതൻ മറുപടി നല്കിയെങ്കിലും പിന്നെയും മനസ്സിൽ ഒരുപാടു സംശയങ്ങൾ ബാക്കിയായി. മൂന്നു മാസത്തിനുശേഷം യെഹൂദ്യമലനാട്ടിൽനിന്നു മടങ്ങുമ്പോൾ മറിയ മാനസികമായി തയ്യാറെടുത്തിരുന്നു എന്നു കർത്താവിനെ സ്തുതിക്കുന്ന വേദഭാഗങ്ങളിൽനിന്നു വ്യക്തമാണ്.

ശീലകൾപൊതിഞ്ഞ് കുഞ്ഞിനെ പശുത്തൊട്ടിയിൽ കിടത്തുമ്പോൾ ആ മാതൃഹൃദയം എത്ര തേങ്ങിയിരിക്കണം. അത്യുന്നതന്റെ പുത്രനുവേണ്ടി ഭൂമിയിൽ ഒരുക്കപ്പെടുന്ന അപര്യാപ്തതകളുടെ മുമ്പിൽ അന്ധാളിച്ചിരുന്ന മാതാപിതാക്കളുടെ മുമ്പിലേക്കാണു ഇടയന്മാർ ശിശുവിനെ കാണാൻ ആശ്ചര്യഭരിതരായി എത്തുന്നത്. സർവജനത്തിനും മഹാസന്തോഷമാണു ഈ ജനനമെന്ന ദൂതന്റെ വളിപ്പെടുത്തലുകൾ അവരിലൂടെ കേൾക്കുമ്പോൾ അതു ഹൃദയത്തിൽ സംഗ്രഹിക്കുവാനല്ലാതെ അതിരറ്റ് സന്തോഷിക്കാൻ അപ്പോൾ മറിയയ്ക്കു കഴിഞ്ഞില്ല.

വർഷങ്ങൾക്കുശേഷം ദൈവാലയത്തിൽവെച്ച് വളർന്നു ബാലനായ യേശുവിൽനിന്നുതന്നെ 'എന്നെ തിരഞ്ഞത് എന്തിന്? എന്റെ പിതാവിനുള്ളതിൽ ഞാൻ ഇരിക്കേണ്ടത്



എന്നു നിങ്ങൾ അറിയുന്നില്ലയോ? എന്നു കേൾക്കുമ്പോളും അതും സംഗ്രഹിച്ചുവച്ചു ആ അമ്മ. എല്ലാം ഇങ്ങനെ ഹൃദയത്തിൽ സംഗ്രഹിച്ചിരുന്നതിനാലാവാം കാനായിലെ കല്യാണവീട്ടിൽ ശുശ്രൂഷക്കാരോട് 'അവൻ നിങ്ങളോടു എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്‌വിൻ' എന്നു മറിയ പറഞ്ഞത്. മകനു 'വട്ടാ'ണെന്നുള്ള മട്ടിൽ ആളുകൾ സംസാരിച്ചപ്പോഴും മറിയ നിശബ്ദം കേട്ടിരുന്നത് അതുകൊണ്ടാവാം.

ഒടുവിൽ കുരിശിന്റെ ചുവട്ടിൽ തീവ്ര വേദനയിൽ നിൽക്കുമ്പോൾ 'നിന്റെ സ്വന്ത പ്രാണനിൽകൂടിയും ഒരു വാൾ കടക്കും' എന്ന വാക്കുകൾ മറിയയുടെ ഉള്ളിൽ തെളിഞ്ഞു വന്നു. എല്ലാറ്റിനും എവിടെയും മൂകസാക്ഷിയായി നിന്ന അമ്മയ്ക്കു മറ്റൊരു മകനെ കാട്ടിക്കൊടുത്തകൊണ്ടു ആദ്യജാതൻ വിടവാങ്ങുമ്പോഴും ആ അമ്മ നിശബ്ദം നിന്നു ഉള്ളുരുകികൊണ്ട്.

സ്പർശനം

റ്റീയെം

# പുൽക്കൂട്ടിന്റെ ശാന്തതയ്ക്കുമപ്പുറം...



ഡിസംബർ മാസം!

അലൗകികമായ ഒരു അനുഭൂതി അന്തരീക്ഷമാകെ തുളുമ്പി നിൽക്കുന്നുവെന്ന തോന്നൽ എന്നിലുണർത്തുന്ന മാസം. ബാല്യം മുതൽ ഞാനനുഭവിക്കുന്നതാണത്.

ഡിസംബറിന്റെ കുളിര്.

പുലർകാലമഞ്ഞിന്റെ ഗന്ധം.

സന്ധ്യയുടെ മാനത്തിനു ചാരുത പകരാൻ വർഷംതോറും വിരുന്നിനെത്തുന്ന അതുല്യശോഭയുള്ള ചില നക്ഷത്രങ്ങൾ. തെളിഞ്ഞ ആകാശം.

ഈറത്തണ്ടുകളിൽ വർണക്കടലാസ്സുകൾ പശതേച്ചുണ്ടാക്കിയ നക്ഷത്രവിളക്കുകൾക്കു മനോഹാരിത കൂട്ടാൻ കൊച്ചു മിടുക്കന്മാർ മത്സരിക്കുന്നു. അവയ്ക്കുള്ളിൽ മൺചിരാതുകളിലും മെഴുകുതിരുകളിലുമായി ഒളിപ്പിച്ചുവെച്ച പ്രകാശനാളങ്ങൾ പകരുന്ന ദീപ്തി അവർണനീയമാണ്. ഇന്നവയുടെ സ്ഥാനത്ത് കമ്പോളത്തിൽ ഏതെല്ലാം തരം മാന്ത്രികവിളക്കുകകളാണ്! വൈദ്യുത ദീപങ്ങളിൽ പ്രകാശിച്ചുനിൽക്കുന്നക്രിസ്മസിന്റെ നിറങ്ങളിലേക്കു അവ നമ്മെ മാടിവിളിക്കുന്നു.

കരോൾ ഗാനങ്ങൾ, ക്രിസ്മസ് ഫാദർ, ക്രിസ്മസ് ട്രീ ഇവയെല്ലാം നമ്മെ കൊണ്ടെത്തിക്കുന്നതു ഒരേയൊരിടത്തേക്കാണ്. ക്രിസ്മസിലേക്ക്! കേട്ടാലും കേട്ടാലും മതിവരാത്ത നൂറുകണക്കിനു ഗാനങ്ങൾ ക്രിസ്മസ്സിന്റേതായി ലോകമെമ്പാടുമുണ്ട്. ‘ജിംഗിൽ ബെൽസ്’, ‘സൈലന്റ് നൈറ്റ്’, ‘ഓ കം ഓൾ യീ ഫെയ്ത്ത് ഫുൾ’ എന്നിവയെല്ലാം ഭാഷയുടെ അതിർവരമ്പുകൾ ഭേദിച്ച് നൂറ്റാണ്ടുകളായിമനുഷ്യമനസ്സുകളിൽ ഒഴുകിനടക്കുന്നവയാണ്. നമ്മുടെ ഭാഷയിലുമുണ്ട് അതിമനോഹരമായ ക്രിസ്മസ് ഗാനങ്ങൾ. എനിക്കു ഏറെ ഇഷ്ടപ്പെട്ട ഗാനങ്ങളിലൊന്നാണ്, “കാവൽ മാലാഖമാരേ കണ്ണിമയ്ക്കരുതേ...” എന്ന ഗാനമാണ്.

എന്റെ സ്നേഹിതൻകൂടിയായ ശ്രീ എ. ജെ. ജോസഫ് എഴുതി ഈണംപകർന്ന മലയാളത്തിന്റെ പ്രസിദ്ധ ഗായിക സുജാത പാടിയ ആ ഗാനം അടുത്തയിടെ വീണ്ടും കേട്ടപ്പോൾ മനസ്സിന്റെയുള്ളിൽ എവിടെയോ ചെന്നു തറച്ചതു പോലെ തോന്നിപ്പോയി

“ ഉണ്ണീ ഉറങ്ങ്, ഉണ്ണീ ഉറങ്ങ്..
ഉണ്ണീ ഉറങ്ങുറങ്ങ്....”

**ഉ**റങ്ങൂ പൈതലേ, സ്വർഗത്തിന്റെ മണിമകുടമേ!

സാധുവായ ഒരു കന്യകയിലേക്കു ദൈവകൃപ പകരപ്പെട്ടതിന്റെ സാക്ഷാത്ക്കാരമേ... ഉറങ്ങൂ...

ചുറ്റും ഉരുണ്ടുകൂടുന്ന പൈശാചികതയുടെയും എരുഞ്ഞുയരുന്ന ക്രോധത്തിന്റെയും മധ്യത്തിൽ പുൽക്കൂടിന്റെ ശാന്തതയിൽ നീ ഉറങ്ങൂ. ഈ ശാന്തതമാറി വലിയൊരാരവം നിന്നെ കാത്തിരിക്കുന്നുണ്ട്; നിന്റെ രക്തത്തിനായുള്ള ആരവം! “അവനെ ക്രൂശിക്ക”.

ഭംഗിയുള്ള കൊച്ചുവിരലുകൾ ചുരുട്ടിപ്പിടിച്ച് പിഞ്ചുപൈതലേ നീ ഉറങ്ങൂ... നിന്റെ കൈകൾ ഒരു രാജാവിന്റേതാണെങ്കിലും അതു ചെങ്കോലോ, കിരീടമോ സ്വർണസരിപ്പളിയോ പിടിക്കാനുള്ളതല്ല. ഒരു ചിത്രകാരനെയോ എഴുത്തുകാരനെയോപോലെ ബ്രഷോ പേനയോ നിന്റെ കൈകൾക്കു പാകമാകയില്ല. നിന്റെ മനോഹരാംഗുലികൾ മറ്റു ചിലതിനുവേണ്ടി നിയോഗിക്കപ്പെട്ടവയാണ്.

വിധവയുടെ കണ്ണീരൊപ്പാൻ...

തുപ്പൽകൊണ്ടു ചേറുണ്ടാക്കാൻ... അതു വാരി ഒരു അന്ധന്റെ കണ്ണിൽ പൂശാൻ...

പഴുത്തു ചലംവമിക്കുന്ന കുഷ്ഠരോഗിയുടെ വൃണം തൊട്ട് സൗഖ്യമാക്കാൻ...

ശിശുക്കളെ ചേർത്തുനിർത്താൻ...

ബാലകന്റെ അഞ്ചപ്പവും രണ്ടു മീനും എടുത്തു വാഴ്ത്തിനുറുക്കി വിളമ്പാൻ...

പേടിച്ചു മുങ്ങിത്താഴാൻ തുടങ്ങുന്ന പത്രൊസിന്റെ കൈപിടിച്ച് ഉയർത്തിയെടുക്കാൻ...

മരിച്ചു കിടക്കുന്ന ബാലികയെ കൈക്കു പിടിച്ച് എഴുന്നേൽപ്പിച്ച് ജീവനിലേക്കു നടത്താൻ... തീർന്നില്ല.

റോമൻ ക്രൂരതയുടെയും യെഹൂദ സമുദായത്തിന്റെ കരുണയില്ലായ്മയുടെയും പ്രതീകമായി ആ കരങ്ങൾ കുരിശിനോടു ചേർത്തു വച്ച് ഇരുമ്പാണികൾ അടിച്ചുകയറ്റാനുള്ളവയാണ്.

കുഞ്ഞേ നീ ഉറങ്ങൂ...

**നി**ന്റെ പാദങ്ങൾ അനേക കാതങ്ങൾ താണ്ടാനുള്ളവയാണ്. അശ്വരഥത്തിലോ ആനപ്പുറത്തോ അല്ല നിന്റെ സഞ്ചാരം. കല്ലും മുള്ളും നിറഞ്ഞ ചെമ്മൺപാതയിലൂടെ എന്നും ഒരു കാൽനടക്കാരനായി മാത്രം

കഫർന്നഹൂമിൽ
നസറേത്തിൽ
ബഥാന്യയിൽ
യെരൂശലേമിൽ...
ഒടുവിൽ

ഗോൽഗോഥായിലേക്ക്. ഭാരമേറിയ കുരിശും തോളിലേന്തി അർധപ്രാണമായി ആ കാലുകൾ വേച്ചു വേച്ച് നടന്നു നീങ്ങാനുള്ളവയാണ്. കൈകളിൽ അടിച്ചുകയറ്റിയതിനെക്കാൾ വലിയ രണ്ടാണികൾ നിന്റെ പാദങ്ങൾ തുളച്ച് മരക്കുരിശിലേക്കു നിന്നെ അടിച്ചുറപ്പിക്കാനുള്ളതാണ്.

**സൂ**ക്ഷിച്ചുനോക്കിയാൽ പിഞ്ചുഹൃദയമിടിപ്പ് അതിലോലമായി കാണാം. എന്തു ശാന്തതയാണവിടെ

രോഗികൾ
ഭൂതഗ്രസ്തർ
സത്യാന്വേഷികൾ
ചുങ്കംപിരിവുകാർ
വലിയ പുരുഷാരം...

ആ ഹൃദയത്തിന്റെ സ്പന്ദനം നേരിട്ടറിഞ്ഞവരാണവർ. പുരുഷാരത്തെ ചിന്നിയവരും ചിതറിയവരുമായി കാണുമ്പോൾ ആ ഹൃദയം വേദനിച്ചിരുന്നു. പരീശന്റെ കപടത കണ്ട് ആ ഹൃദയം ദുഃഖിച്ചു. ആ വേദനകളെല്ലാം ആ ഹൃദയത്തിനു താങ്ങാനാവുന്നതിനുമപ്പുറമായിരുന്നെങ്കിലും അതെല്ലാം താൻ സ്വീകരിച്ചു. എന്നിട്ടും ആ ഹൃദയം കുന്തം കൊണ്ട് കുത്തിത്തുളയ്ക്കപ്പെട്ടു. രക്തവും ചോരയും ചേർന്നൊഴുകിയ ആ പ്രവാഹത്തിനു മനുഷ്യവർഗത്തിന്റെ പാപക്കറ മുഴുവൻ കഴുകി വെൺമയാക്കാൻ ശക്തിയുണ്ടായിരുന്നു.

പൈതലേ നീ ഇപ്പോൾ ഉറങ്ങൂ...

പ്രവാചകൻ വിളിച്ചുപറയുന്നതു കേൾക്കുന്നില്ലേ?

“നമുക്കൊരു ശിശു ജനിച്ചിരിക്കുന്നു; നമുക്കൊരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന് അത്ഭുത മന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്നു പേരു വിളിക്കപ്പെടും. അവന്റെ ആധിപത്യത്തിന്റെ വർധനയ്ക്കും സമാധാനത്തിനും അവസാനം ഉണ്ടാകയില്ല....” (യെശയ്യാവ് 9:6,7).

ഇടയന്മാരുടെ സമീപം ഇറങ്ങിവന്ന കർത്താവിന്റെ ദൂതനും പറഞ്ഞതു മറ്റൊന്നുമായിരുന്നില്ല: “കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു...”

അതെ ദൈവം മനുഷ്യനായി നമ്മുടെയിടയിൽ പാർത്തു.

# ദൈവിക സംവേദനത്തിന്റെ സമകാലിക രേഖകൾ

എംസി. കുര്യൻ

***1986*** മാർച്ച് 26. ഗുഡ്ന്യൂസ് വാരികയുടെ ‘ബാലലോകം’ പേജിൽ ആറാം ക്ലാസിൽ പഠിക്കുന്ന ഒരു വിദ്യാർഥിയുടെ ‘മടങ്ങിവരവ്’ എന്ന കഥ പ്രസിദ്ധീകരിച്ചു. ‘ബാലലോക’ത്തിന്റെ ആയിരക്കണക്കിനു അംഗങ്ങളിൽ 15-ാമത്തെ അംഗമായി പേർ രജിസ്ട്രർ ചെയ്ത വി.പി. ഫിലിപ്പിന്റെ കഥയായിരുന്നു അത്.

ഇപ്പോൾ, കാൽനൂറ്റാണ്ട് കഴിഞ്ഞിരിക്കുന്നു. ഗുഡ്ന്യൂസ് വാരികയിലൂടെ എഴുതിത്തെളിഞ്ഞ എത്രയോ എഴുത്തുകാരുടെ മുൻനിരയിൽ ആ കൊച്ചു എഴുത്തുകാരൻ എത്തി നിൽക്കുന്നു. ഐ. പി. സി. ആയാംകുടി സഭയുടെ ചാണകം മെഴുകിയ തറയിൽ എത്തിപ്പിടിച്ചുനിന്നു പഴകി ദ്രവിച്ച മേശയിൽ നോട്ട് ബുക്കിൽനിന്നു കീറിയെടുത്ത പേപ്പറിൽ പെൻസിൽകൊണ്ടെഴുതിയ ആ കഥ എഡിറ്റു ചെയ്യുവാൻ എനിക്കു താൽപര്യമുണ്ടായതു ഒരു ദൈവനിയോഗമായിരുന്നു.

കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷമായി വി.പി. ഫിലിപ്പ് ഗുഡ്ന്യൂസ് വാരികയിൽ തുടർമാനമായി എഴുതുകയാണ്. ശ്രദ്ധേയമായ 14 പുസ്തകങ്ങൾ, നിരവധി ലേഖനങ്ങൾ ആ തൂലികയിലൂടെ നമുക്കു ലഭിച്ചു. ‘കമ്യൂണിക്കേഷൻ ഫോർ എ മീനിംഗ്ഫുൾ ലൈഫ്’ എന്ന ഇംഗ്ലീഷ് പുസ്തകവും സമ്മാനിച്ചു. പോയ വർഷങ്ങളിൽ പ്രസിദ്ധീകരിച്ച പഠനാർഹമായ 63 ലേഖനങ്ങൾ പത്ത് പഠന വിഭാഗങ്ങളിലായി അവതരിപ്പിച്ചിരിക്കുകയാണ്. ‘ആശയവിനിമയവും ദൈവശാസ്ത്രദർശനങ്ങളും’ എന്ന പുതിയ ഗ്രന്ഥത്തിലൂടെ ദൈവവീക സംവേദനത്തിന്റെ സമകാലിക രേഖകളായി നമുക്കു അവയെ കാണാം.




ഫെയ്ത്ത് ഹോമുകളിൽ വളർന്ന എഴുത്തുകാരൻ തന്റെ ‘പെന്തെക്കോസ്തു ഐഡന്റിറ്റി’ രചനയിലും ജീവിതത്തിലും എന്നും ഉയർത്തിപ്പിടിച്ചിട്ടുണ്ട്. ക്രിസ്തു കേന്ദ്രീകൃതമായ ദൗത്യദർശനം തന്റെ രചനകളുടെ പ്രത്യേകതയാണ്.

‘വേദപുസ്തകം ആശയവിനിമയത്തിന്റെ ആധികാരിക ഗ്രന്ഥം’, ‘സഭയും മാധ്യമവിദ്യാഭ്യാസത്തിന്റെ പ്രസക്തിയും’, ‘വിശപ്പും പട്ടിണിയും’, ‘ചിലദൈവശാസ്ത്ര ചിന്തകൾ’, ‘മധുരമില്ലാത്ത മിഠായിയും ക്രിസ്തുവില്ലാത്ത ക്രിസ്ത്യാനിയും’ തുടങ്ങിയ ലേഖനങ്ങൾ എഴുത്തുകാരന്റെ ഹൃദയത്തുടിപ്പുകൾ തന്നെയാണ്. അഞ്ചാം ഭാഗത്തെ മതപരിവർത്തന സംബന്ധിയായ ലേഖനങ്ങളെല്ലാം സ്റ്റഡീഡ് ആർട്ടിക്കിൾസ് ആണ്. അവയിൽ പ്രതിപാദിച്ചിരിക്കുന്ന ആശയങ്ങൾ സുവിശേഷപ്രേമികൾക്കും പൗരാവകാശപ്രവർത്തകർക്കും ഒരുപോലെ വിജ്ഞാനം പകരുന്നു. പ്രിന്റ് മീഡിയായും, ഇലക്ട്രോണിക് മീഡിയായും സസൂഷ്മം നിരിക്ഷിക്കുന്ന ഒരു നല്ല നിരീക്ഷകന്റെ സ്വാധീനം പുസ്തകത്തിലുട നീളം വായനക്കാർക്കു ദർശിക്കാം.


വി.പി. ഫിലിപ്പ്

ദൈവശാസ്ത്രപഠനത്തിൽ കമ്യൂണിക്കേഷൻ മുഖ്യവിഷയമായി എടുത്ത് മാസ്റ്റേഴ്സ് ബിരുധം നേടിയിട്ടുള്ള ലേഖകന്റെ സംവേദന വൈദഗ്ധ്യം പുസ്തകത്തിന്റെ സവിശേഷതയാണ്. രസകരമായ നിറക്കൂട്ടുകളോടെ ആശയം ജനങ്ങളിലെത്തിക്കാൻ വി. പി.ഫിലിപ്പിനു കഴിയുന്നതും അദ്ദേഹത്തിന്റെ വിജയമാണ്.

“പണ്ടു നാം ബൈബിൾ കൈയ്യിൽ പിടിച്ചാണ് ആരാധനയ്ക്ക് എത്തിയിരുന്നത്. ഇന്ന് ബൈബിൾ പോക്കറ്റിലും മൊബേൽഫോൺ കൈയ്യിലുമായി” എന്ന യാഥാർഥ്യത്തിലൂടെ ഇന്റർനെറ്റിന്റെയും മിസ്ഡ് കോളുകളുടെയും ഭവിഷ്യത്ത് ഉള്ളതുപോലെ വ്യക്തമാക്കുവാൻ ലേഖകനു കഴിഞ്ഞു.

വിശ്വാസികളിൽ പണ്ടുണ്ടായിരുന്ന കൂട്ടായ്മബന്ധം അന്യം നില്ക്കുന്നതിനെക്കുറിച്ചും ആരാധനയിൽ ദൃശ്യമായിരിക്കുന്ന നവീകരണത്തെക്കുറിച്ചുമുള്ള ലേഖനങ്ങൾ സഭാധ്യക്ഷന്മാരുടെ കണ്ണുതുറപ്പിക്കുന്നവയാണ്.

ആദിവാസികളും ദൗത്യശാസ്ത്രദർശനവും അതിൽതന്നെ വേറിട്ടുനില്ക്കുന്ന പഠനങ്ങളാണ്. പെന്തെക്കോസ്തു വിശ്വാസികളിൽ സാധാരണ കാണാത്ത സാമൂഹ്യബോധത്തെക്കുറിച്ചുള്ള ചിന്തകളും നവീകരണവും ഉണർവും ഊന്നിയുള്ള ലേഖനങ്ങളുമൊക്കെ കാലത്തിന്റെ ആവശ്യം തന്നെ. ലേഖകന്റെ മിഷൻ ദർശനം വെളിപ്പെടുന്ന അധ്യായങ്ങളാണ് മൂന്നാം ഭാഗത്തിലെ ലേഖനങ്ങളിലധികവും.

വൈവിധ്യമാർന്ന ചിന്തകളുടെ ഒരുനദിപോലെ ഒഴുകുന്ന വി.പി.ഫിലിപ്പിന്റെ ഈ പുതിയഗ്രന്ഥം ക്രൈസ്തവകൈരളിക്ക് ഒരു മുതൽക്കൂട്ടാകും എന്ന് എനിക്ക് ഉറപ്പുണ്ട്. പ്രിയപ്പെട്ട വി.പി. ഫിലിപ്പിനെ തന്റെ ചെറിയപ്രായത്തിൽ ഗുഡ്ന്യൂസ് ബോലലോകത്തിൽ അംഗമായ നാൾ മുതൽ നിരീക്ഷിച്ചതിൽ തന്നിലെ ഉത്സാഹവും ആത്മാർഥതയും എന്നെ ഹഠാദാകർഷിച്ചിട്ടുണ്ട്. ക്രിസ്തു കേന്ദ്രീകൃതമായ തന്റെ ജീവിതവും ശുശ്രൂഷകളും ഒരു ജ്യേഷ്ഠസഹോദരന്റെ സ്നേഹവായ്പോടെ അടുത്തറിഞ്ഞ വ്യക്തി എന്ന നിലയിൽ ഫിലിപ്പിന്റെ സുവിശേഷ സംരംഭങ്ങളെ സർവ്വകൃപാലുവായ ദൈവം ആശീർവദിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്.

*(ഈ ഗ്രന്ഥം ഈ ആഴ്ചയിൽ ഗുഡ്ന്യൂസ് ഓഫീസിൽവച്ചു പ്രകാശനം ചെയ്യും).*

# Matrimonial

Pentecostal parents invite a suitable proposal for their daughter (25/163cm) M.Sc Bio-Chemistry, working in a reputed Clinical Research Company (MNC) in Pune, Maharashtra, from parents of professionally qualified pentecostal boys with exposure outside Kerala.
Ph; 09687616572,
020 27170404
Email: kpzach@gmail.com
GN1566/51

പെന്തെക്കോസ്തു യുവതി (29/170സെമീ) ഡിഗ്രി, കംപ്യൂട്ടർ. അനുയോജ്യരായ പെന്തെക്കോസ്തു യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ:9961221283
Email: jibisam@yahoo.com
GN 1570/50

Pentecostal parents invite proposal for their daughter (23/160cm), B.Sc. Nurse, working in a reputed Hospital inTamilnadu, from the parents of professionally qualified boys working in India or abroad. Respond with bio-data.
Ph: 07708909188,
9847673702
Email: brightyjoy@gmail.com
GN1571/51

ചെറുപ്പത്തിലേ മാതാപിതാക്കൾ നഷ്ടപ്പെട്ടതും രക്ഷകർത്താക്കളാൽ നാടാർസമുദായത്തിൽ വളർത്തപ്പെട്ടതും, ഏകയായി വിശ്വാസത്തിൽ വന്നതുമായ പെന്തെക്കോസ്തു യുവതി (36/5'3")എസ്എസ്എൽസി, തയ്യൽ. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9947003513
GN1572/51

Pentecostal parents invite proposals for their daughter born and brought up North India DOB 13-2-1985/165cm) B.Sc Nurse, working in reputed Hospital in Delhi, from God fearing, professionally qualified/employed boys from India/abroad.
Ph: 09977567842,
09926193770,
09544484197
Email:
ygeevarghese@rediffmail.com
GN1573/51

Syrian Christian Pentecostal parents invite allinace for their daughter spiritual and pleasant (24/162cm) slim, medium complexion (M.Tech, Bio-tech) and now on a job oriented short term course in Manipal, from parents of spiritual, employed boys.
Ph: 09846717670,
09495117268
Email: hisheba@yahoo.com
GN1574/51

കൂടുതൽ വിവാഹ പരസ്യങ്ങൾക്ക് പേജ് 10 കാണുക

പെന്തെക്കോസ്തു യുവാവ് (30/166 സെമീ) വെളുത്തനിറം, ഓർത്തഡോക്സ് ബാക്ക്ഗ്രൗണ്ട്. അബുദാബിയിൽ അമേരിക്കൻ കമ്പനിയിൽ ജോലി. 19-ാം തീയതി അവധിക്കുവരുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. ബിഎസ്സി നേഴ്സുമാർക്ക് മുൻഗണന.
ഫോൺ 0479 2308592,
9847472874
GN 1576/51

ഏകയായി പെന്തെക്കോസ്തു വിശ്വാസത്തിൽ വന്ന ചേരമർ ക്രിസ്ത്യൻ യുവതി (36/5') ഇരുനിറം, ബി.എ. വരെ പഠിച്ചു. വലതു കൈമുട്ടിനു താഴെ എല്ലിനു വളവുണ്ട്, സ്വാധീനക്കുറവില്ല, എറണാകുളത്ത് സുവിശേഷവേലയിൽ ആയിരിക്കുന്നു. അത്യാവശ്യം സാമ്പത്തികം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9747408689, 9562514181
GN 1577/51

Pentecostal parents invite proposal for their daughter (27/154cm) M.Com, B.Ed, NET, Guest Lecturer, from parents of boys with spiritual values, educated and preferably working God's Ministry along with job. Send photo and bio-data to:
Email:
mary-bless84@yahoo.com
Ph:04734 228196,
9747652228
GN1578/51

പെന്തെക്കോസ്തു യുവാവ് (29/5'2") ദുബായിൽ ലിഫ്റ്റ് ടെക്നീഷ്യൻ & സൂപ്പർവൈസറായി ജോലി ചെയ്യുന്നു. ഡിസംബർ അവസാനം നാട്ടിൽ എത്തുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9497088072
GN1579/51

മാർത്തോമാ പശ്ചാത്തലത്തിൽ നിന്നും ഏകനായി വിശ്വാസത്തിലേക്ക് വന്നു രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ദൈവകൃപയിൽ നില്ക്കുന്ന യുവാവ് (31/175 സെമീ) മസ്ക്കറ്റിൽ ജോലി, ഏക മകൻ, ഇപ്പോൾ ലീവിന് നാട്ടിൽ ഉണ്ട്. നല്ല ആത്മീയ തീഷ്ണതയും വിദ്യാഭ്യാസവും ഉള്ള ദൈവകൃപയിൽ നില്ക്കുന്നതുമായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. (മസ്ക്കറ്റിൽ ജോലിയുള്ളവർക്ക് മുൻഗണന).
ഫോൺ: 04792456274,
9496493449
Email: anishcgnr@gmail.com
GN1580/51

Pentecostal pastor family invites proposal for their daughter (25/160cm) B.Sc Nurse, medium complexion, from well educated, spiritual boys interested in ministry.
Ph: 0469 2614881,
9048008850
GN1586/51

മാർത്തോമാസഭയിൽ നിന്നും രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ന്യൂ ഇന്ത്യാ ചർച്ചിൽ ആരാധിക്കുന്ന യുവതി (28/160 സെമീ) ഫെയർ, എം. എസ്സി ബയോ- ഇൻഫോർമാലിറ്റിസ്, ഇപ്പോൾ യു.കെയിൽ ജോലിയോടൊപ്പം എംബിഎ പഠിക്കുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. യു.കെയിൽ ഉള്ളവർക്ക് മുൻഗണന.
ഫോൺ: 9497812320
Email:
godswill12@gmail.com
GN1582/51

Nadar Pentecostal boy (30/165cm) MCA, Software Engineer, invites marriage proposals from parents of qualified, dedicated pentecostal girls.
Ph: 9746183868
GN1583/51

Gulf Malayalee pentecostal parents from Eezhava background invite proposals for their son (30/5'6'') Diploma in Software System, from National institute of Speech &Hearing (Deaf&Dump), from the parents of qualified, dedicated girls.
Ph: 0471 2551195,
9447583267
Email:
rvrajeshhello@gmail.com
GN1584/51

പതിനേഴു വർഷങ്ങൾക്കു മുമ്പ് ഹിന്ദു ഈഴവ പശ്ചാത്തലത്തിൽ നിന്നും മാതാപിതാക്കളോടൊപ്പം പെന്തെക്കോസ്തു വിശ്വാസത്തിൽ വന്നതും ആഭരണം ഉപയോഗിക്കാത്തതുമായ യുവതി(29/5'2") വെളുത്തനിറം, എം.എ, ബി.എഡ്, ഇംഗ്ലീഷ് സി.ബി.എസ്.ഇ സ്കൂൾ അധ്യാപിക, സാധാരണ കുടുംബം, ജോലിയോടൊപ്പം സുവിശേഷവേല ചെയ്യുവാൻ ആഗ്രഹിക്കുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9846259471, 9539659399 രാത്രി ഏഴു മണിക്കുശേഷം വിളിക്കുന്നത് സൗകര്യപ്രദമാണ്
Email:
nisharagavan2009@gmail.com
GN1585/51

സൗദിയിൽ ജോലിചെയ്യുന്ന പെന്തെക്കോസ്തു യുവാവ് (27/5'5") ബി.എ, ഇപ്പോൾ അവധിക്ക് നാട്ടിൽ ഉണ്ട്. അനുയോജ്യരായ, രക്ഷിക്കപ്പെട്ട് ദൈവകൃപയിൽ നില്ക്കുന്ന പെന്തെക്കോസ്തു യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. വിദേശത്തുള്ളവർക്ക് മുൻഗണന.
ഫോൺ: 9747371538
GN1588/51

കത്തോലിക്കാ വിഭാഗത്തിൽ നിന്നും വിശ്വാസത്തിലേക്കു വന്ന പെന്തെക്കോസ്തു യുവതി (33/5'6") ബി.റ്റിഎച്ച്, എം.ഡിവ്, ബൈബിൾ ടീച്ചർ. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 0484 2249431,
9142180215, 9847947276
GN1581/51

ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ഗവ.ജോലിയുള്ള യുവതിയ്ക്ക് (36, ബി.ടെക്, അസ്സി. എഞ്ചിനീയർ കെ.എസ്.ഇ.ബി, പാലക്കാട്, ഇരുനിറം), ആത്മനിറവും തത്തുല്യ വിദ്യാഭ്യാസയോഗ്യതയുമുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. വിവാഹമോചനം നേടിയവരെയും, വിഭാര്യന്മാരെയും പരിഗണിക്കുന്നതല്ല.
ഫോൺ: 9496518418,
9745356449
GN1589/51

Born again and baptized girl MBBS Doctor (26/158cm) fair, Independant Church, seeks suitable alliance from born again, baptized Doctors or Engineers with good family background.
Ph: 9447545487
Email:cissykk52@gmail.com
GN1590/51

പെന്തെക്കോസ്തു യുവതി (26/5'3") ജിഎൻഎം ആയി സൗദി എംഒഡിയിൽ ജോലി, പോസ്റ്റ് ബിഎസ്സി യ്ക്ക് പഠിക്കുന്നു. ഫെബ്രുവരി ആദ്യആഴ്ചയിൽ അവധിക്കു വരുന്നു. തത്തുല്യ യോഗ്യതയുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9847638823
GN1591/51

പെന്തെക്കോസ്തു യുവാവ് (28/5'8") ബി.എസ്സി നേഴ്സ്, രണ്ടു മാസത്തിനകം കുവൈറ്റിനു പോകുന്നു. പാസ്റ്ററുടെ മകൻ (25/163സെമീ) സൗണ്ട് എഞ്ചിനീയറായി ബോംബെയിൽ ജോലിചെയ്യുന്നു. ബി.എസ്സി നേഴ്സുമാരുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. പെന്തെക്കോസ്തു യുവതി (24/5'4") ബി.എസ്സി നേഴ്സ്, വെളുത്തനിറം. വിദേശത്തു ജോലിയുള്ളവർക്ക് മുൻഗണന.
ഫോൺ: 99469249973,
9947200869
Email:
visionforindia@yahoo.com
GN1592/51

ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്തു യുവതി (36), സ്വന്തമായി തയ്യൽ സ്ഥാപനം നടത്തുന്നു.സുവിശേഷ വേലക്കാരിൽ നിന്നും, ആത്മീയരായ പെന്തെക്കോസ്തു യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. ദത്തും പരിഗണിക്കും.
ഫോൺ 9605412475,
0479 - 2324377
GN 1595/51

നായർ വിഭാഗത്തിൽ നിന്നും വിശ്വാസത്തിൽ വന്ന യുവാവ് (38/160 സെ.മീ.), എം.എ. എൽ.എൽബി. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ 9447822291,
9747047562
GN 1587/51

പെന്തെക്കോസ്തു യുവാവ് (28/175 സെ.മീ., പാസ്റ്ററുടെ മകൻ), സ്വന്തമായി ബിസിനസ്, ഒപ്പം എം.സി.എ. ചെയ്യുന്നു. ആത്മീയതയും സൗന്ദര്യവും പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയോ ജോലിയുള്ളതോ ആയ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചന ക്ഷണിക്കുന്നു.
ഫോൺ 9497615027,
8547315477
Email:
shinojmathewj@yahoo.com
GN 1603/51

കത്തോലിക്കാ വിഭാഗത്തിൽ നിന്നും ഏകനായി വിശ്വാസത്തിൽ വന്ന യുവാവ് (32/5'8", വെളുത്ത നിറം, നെടുങ്കണ്ടം സ്വദേശി), ഇപ്പോൾ മസ്ക്കറ്റിൽ എ.സി. മെക്കാനിക്കായി ജോലി ചെയ്യുന്നു. അനുയോജ്യരായ പെന്തെക്കോസ്തു യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ 9544214941, 9567372931
GN 1600/51

Pentecostal parents invite proposals for their son born and brought up in Bangalore/April 83 born/5'9"/MBA working in MNC from parents of professionally qualified fair & spiritual girls.
Email: jkk1950@gmail.com;
Phone 08041608457,
09945187870
GN 1601/51

Pentecostal parents settled in Nagpur Maharashtra invite proposals for their daughter (26/5') M.Com, born and brought up in Maharashtra. She is born again, baptized and Spirit filled, working in Nagpur (B&B) Maharashtra from parents of professionally qualified, employed boys, preferred outside Kerala.
Ph No: 07104 -224817
MB No: 09422554097,
09422263956
Email :
p_777phebe@yahoo.co.in
GN 1602/51

സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്തു യുവാവ് (28/172 സെ.മീ.), Auto Cad. ആത്മീയരും അനുയോജ്യരുമായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ 9745726419
GN 1544/49

Pentecostal boy (Marthomaite background), (28/167cm) fair, Sr.Systems Engineer at top MNC Bangalore, Engg.Dip in computer, A'Level, MCITP, CCNA, pursuing Executive MBA. Invites proposal from parents of professionally qualified, God fearing pentecostal girls except nurses.
Ph: 08892880240,
09895505447
Email:
praisingyou@gmail.com
GN 1599/51

GOODNEWS WEEKLY
KANJIKUZHY
KOTTAYAM 686 004
KERALA, INDIA
PHONE : (0481) 2571677
2574239, 2570909
FAX : (0481) 2572062

# goodnews WEEKLY

"REGISTERED"
No. KL/KTM/169/2009-2011
LICENSE No.
KL/CR/KTM/WPP-30/2009-11
LICENSED TO POST
WITHOUT PRE- PAYMENT
Posted on Dec.19,20, 2011 at
RMS Kottayam

Website: www.goodnewsweekly.org; E-mail: goodnewsweekly@gmail.com

## കോട്ടയം ഡിസ്ട്രിക്ട് കൺവൻഷൻ ജനുവരി 3 മുതൽ

**കോട്ടയം:** ഐ. പി. സി. കോട്ടയം ഡിസ്ട്രിക്ട് 74-ാമതു കൺവൻഷൻ ജനുവരി 3-9 വരെ കോട്ടയം ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കും. പാസ്റ്റർ കെ.ഇ. തോമസിന്റെ അധ്യക്ഷതയിൽ പാസ്റ്റർ കെ.സി. ചെറിയാൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ കെ.സി. ജോൺ, വത്സൻ ഏബ്രഹാം, ഫിലിപ്പ് പി. തോമസ്, ബാബു ചെറിയാൻ, വർഗീസ് ഏബ്രഹാം എന്നിവർ പ്രസംഗിക്കും. പാസ്റ്റർ മാത്യൂസ് കുര്യൻ മിഷൻ സെമിനാറിലും റീന ജേക്കബ് സോദരിസമാജം വാർഷികത്തിലും പാസ്റ്റർ എബി പീറ്റർ മാസയോഗത്തിലും പാസ്റ്റർ വി.പി. ഫിലിപ്പ് പുത്രികാ സംഘടനാ വാർഷികത്തിലും പ്രസംഗിക്കും. ബേർശേബാ വോയ്സ് ഗാനങ്ങളാലപിക്കും. പാസ്റ്റർ ഇ. എ. മോസസ് ജനറൽ കൺവീനറായി പ്രവർത്തിക്കുന്നു.

## വള്ളക്കടവുകാർക്കു ധൈര്യംപകർന്ന ഉപവാസ പ്രാർഥന

സണ്ണി ഇലഞ്ഞിമറ്റം

**വള്ളക്കടവ്:** പി.സി.ഐ. പെന്തെക്കോസ്തു സഭകളുടെ സഹകരണത്തോടെ ഡിസംബർ ഒമ്പതിനു വള്ളക്കടവിൽ നടത്തിയ ഉപവാസ പ്രാർഥന നിവാസികൾക്കും സമരസമതിനായകന്മാർക്കും ആത്മീയ ചൈതന്യം പകർന്നതായി സമിതി രക്ഷാധികാരി ഫാദർ തോമസ് നെല്ലാനി ചെയർമാൻ കെ. കെ. മാത്യു കൺവീനർ റെജി ആലഞ്ചേരി എന്നിവർ പറഞ്ഞു. പാട്ട്, വചനപ്രസംഗം മധ്യസ്ഥ പ്രാർഥന എന്നിവയെല്ലാം സമരക്കാർക്കു പുതിയ അനുഭവമായിരുന്നു.

പാസ്റ്റർ പി.എം. തോമസിന്റെ അധ്യക്ഷതയിൽ പാസ്റ്റർമാരായ ജെ. ജോസഫ്, കെ.ജെ. തോമസ്, പി. സി. വർഗീസ്, ജോസ് അതുല്യ, ജോൺസൻ ഫിലിപ്പ്, കെ. ഒ. ജോൺസൻ, കുര്യൻ ഏബ്രഹാം, ഷാജി ഇടുക്കി, പ്രസാദ് അടിമാലി, എം. ഐ. കുര്യൻ, കുര്യൻ ഉതുപ്പ്, കെ. എം. ഏബ്രഹാം തുടങ്ങിയവർ പ്രസംഗിച്ചു. പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി ജില്ലകളിൽ നിന്നായി നിരവധിപേർ പങ്കെടുത്തു.

ജോയി തോട്ടുങ്കൽ, ജോസ് തോട്ടുങ്കൽ, പാസ്റ്റർമാരായ കെ. വി. വർഗീസ്, ജോൺസൻ ശാമുവേൽ എന്നിവർ നേതൃത്വം നൽകി. സണ്ണി ഇലഞ്ഞിമറ്റം നന്ദി പറഞ്ഞു.



## ഡോക്ടറേറ്റ്

അമേരിക്കയിലെ ലൂസിയാനാ റ്റെക് യൂണിവേഴ്സിറ്റിയിൽ നിന്നു ബയോകെമിക്കൽ എൻജിനിയറിങ്ങിൽ ഡോക്ടറേറ്റ് നേടിയ ആൻസി കുഞ്ഞുമോൻ. ചെന്നൈ രാജീവ് ഗാന്ധി കോളേജ് ഓഫ് എൻജിനിയറിങ്ങിൽ നിന്ന് ബിടെക് ഓണേഴ്സും ലൂസിയാനാ യൂണിവേഴ്സിറ്റിയിൽനിന്നു എം. ടെക്കും നേടിയ ആൻസി കടമ്പനാട് വടക്ക് കുഴിതുണ്ടിയിൽ കൊച്ചുകോശി കുഞ്ഞുമോൻ-തങ്കമണി ദമ്പതികളുടെ മകളും കൈനരി കളിപ്പറമ്പിൽ കിരൺ ജോസഫ് കുഞ്ചെറിയായുടെ ഭാര്യയുമാണ്. ഏഴംകുളം ദി ചർച്ച് ഓഫ് ഗോഡ് സഭാംഗമാണ്.



*'നീതി ശബ്ദം' ക്രൈസ്തവ പത്രം പാസ്റ്റർ കെ.എസ്. ജോസഫ് ചാക്കോ കെ. തോമസിനു നൽകി പ്രകാശനം ചെയ്യുന്നു.*

## പ്രകാശനം ചെയ്തു

**ബാംഗ്ലൂർ:** കർണാടകയിലെ മലയാളി പെന്തെക്കോസ്ത് സഭകളിലെ വാർത്തകൾ വിശ്വാസികളിൽ എത്തിക്കുന്നതിനായി ബാംഗ്ലൂരിൽനിന്നു പ്രസിദ്ധീകരിക്കുന്ന 'നീതി ശബ്ദം' ക്രൈസ്തവ പത്രം കർണാടക ഐ. പി.സി. ജനറൽ സെക്രട്ടറി പാസ്റ്റർ കെ.എസ്. ജോസഫ് പ്രാർഥിച്ച് ബാംഗ്ലൂർ ക്രിസ്ത്യൻ പ്രസ് അസോസ്യേഷൻ പ്രസിഡന്റും ഗുഡ്ന്യൂസ് കർണാടക ചീഫ് റിപ്പോർട്ടറുമായ ചാക്കോ കെ. തോമസിനു നൽകി പ്രകാശനം ചെയ്തു. പാസ്റ്റർമാരായ ഭക്തവത്സലൻ. സിബി ജേക്കബ്, ഇ.ജെ. ജോൺസൻ, ബിജു ഫിലിപ്പ് എന്നിവർ ആശംസയറിയിച്ചു. ഡോ. ജോൺ താന്നിക്കൽ, ഇവാ. സാജു മാത്യു എന്നിവരും സംബന്ധിച്ചു. ചീഫ് എഡിറ്റർ വി. എസ്. രാജശേഖരൻ നായർ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

## ജനറൽ കൺവൻഷൻ

**കോട്ടയം:** ഇൻഡ്യാ ചർച്ച് ഓഫ് ഗോഡ് 45-ാമതു ജനറൽ കൺവൻഷൻ ജനുവരി 11-15 വരെ മാങ്ങാനം മന്ദിരം കവലയ്ക്കു സമീപം പീടികയിൽ പുരയിടത്തിൽ നടക്കും. സഭാ പ്രസിഡന്റ് പാസ്റ്റർ കെ. എം. ഫിലിപ്പ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ കെ. ജോയി, വർഗീസ് ഏബ്രഹാം, തോമസ് മാമ്മൻ, അമൽരാജ്, ജോൺസൻ ചാക്കോ എന്നിവർ പ്രസംഗിക്കും. ബേർശേബാ ഗോസ്പൽ വോയ്സ് ഗാനങ്ങൾ ആലപിക്കും.

വ്യാഴാഴ്ച ഉച്ചയ്ക്കു രണ്ടിനു പാസ്റ്റേഴ്സ് മീറ്റിങ്ങ് നടക്കും. വെള്ളിയാഴ്ച സഹോദരിസമാജം വാർഷികത്തിൽ സിസ്റ്റർ സോഫിയ സതീഷ് പ്രസംഗിക്കും. ഞായറാഴ്ച രാവിലെ സ്നാനം, സംയുക്തസഭായോഗം എന്നിവയും ഉച്ചകഴിഞ്ഞ് പുത്രികാ സംഘടനകളുടെ വാർഷികവും നടക്കും.

ബൈബിൾ ശബ്ദസാഗരം, മലയാളം ബൈബിൾ കൺകോർഡൻസ്, ക്രൈസ്തവസഭ 20 നൂറ്റാണ്ടുകളിലൂടെ, ബൈബിൾ ജ്ഞാനഭാഷ്യം 1-ാം വാല്യം എന്നീ ഈടുറ്റ റഫറൻസ് ഗ്രന്ഥങ്ങൾക്കുശേഷം GLS ക്രൈസ്തവ കൈരളിക്ക് സമ്മാനിക്കുന്നു!

പ്രശസ്ത വേദപണ്ഡിതൻ ജി. സുശീലന്റെ
(M.A.(Mal.), M.A.(Phil.), M.A. (Hist.), M.A. (Socio.), M.L.I.S., B.D.)

ബൈബിൾജ്ഞാനഭാഷ്യം
രണ്ടാം വാല്യം
ചരിത്രഗ്രന്ഥങ്ങൾ
യോശുവാ മുതൽ എസ്ഥേർ വരെ (12 പുസ്തകങ്ങൾ)



ഇപ്പോൾ പുറത്തിറങ്ങുന്നു



പ്രീ പബ്ലിക്കേഷൻ ബുക്കിംഗ് അവസാന തീയതി
2012 ജനുവരി 15

മുഖവില: ₹1200
പ്രീ പബ്ലിക്കേഷൻ വില: ₹ 700

1000-ലധികം പേജുകൾ
ക്രൗൺ 1/4 വലിപ്പം
മൾട്ടികളർ ഹാർഡ് ബൗണ്ട് കവർ

GLS
Since 1946

GLSൽ നേരിട്ടു ബന്ധപ്പെട്ടോ, അംഗീകൃത ഏജന്റുമാർ മുഖേനയോ, പ്രീ പബ്ലിക്കേഷൻ നിരക്കിൽ ബുക്ക് ചെയ്യാവുന്നതാണ്. പുസ്തകം അതാത് ബുക്കിംഗ് കേന്ദ്രങ്ങളിൽനിന്നു തന്നെ വാങ്ങേണ്ടതാണ്. തപാലിൽ ബുക്ക് ചെയ്യുന്നവർ ഈ തുക MO/DD ആയി Gospel Literature Service-ന്റെ പേരിൽ താഴെക്കാണുന്ന വിലാസത്തിൽ അയച്ചുതരിക. മേൽവിലാസവും, ഫോൺ നമ്പരും കൃത്യമായി എഴുതിയിരിക്കണം. തപാലിലോ കൊറിയറിലോ ലഭിക്കേണ്ടവർ 50 രൂപ അധികമായി അയയ്ക്കേണ്ടതാണ്.

GLS Publishing, MGM Towers, Opp. KSRTCPathanamthitta - 689 645.
Tel: 0468 2221248 / 2237897email: glskerala@sify.com. Mob: 9847073050 (Ranji Joy), 9947084340 (Mathew T.M.)
9947441554 (Joy M. Varghese)

Advt 442/11

Edited, Printed and Published by C.V. Mathew, Printed at MCM Offset Press (P) Ltd for Rashtra Deepika Ltd. Kottayam. Mg. Editor Thomas Vadakkekut, Editor-in -Charge: TM Mathew.